# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 14 | പേജ് 8 | മെയ് 16 – 31

2 മലങ്കര അസോസിയേഷൻ ചില അപ്രിയ സത്യങ്ങൾ

3 വട്ടക്കുന്നേൽ ബാവായുടെയും മറ്റു കാതോലിക്കാ ബാവാമാരുടെയും ചിത്രങ്ങൾ ഏലിയാ കത്തീഡ്രലിൽനിന്ന് എടുത്തുമാറ്റിയതിനെതിരെ പ്രതിഷേധം

4 സംഘർഷഭരിതമായ അന്തരീക്ഷത്തിനൊടുവിൽ പിറവംപള്ളി കത്തീഡ്രലായി

5 മൂവാറ്റുപുഴ അരമനപള്ളിപണി നിർത്തിവെയ്ക്കാൻ ഉത്തരവ്

# പിറവം വലിയപള്ളിയെ കത്തീഡ്രൽ പള്ളിയായി പ്രഖ്യാപിച്ചു

പിറവം : മൂന്നുരാജാക്കന്മാരുടെ പള്ളി എന്നറിയപ്പെടുന്ന പിറവം സെന്റ് മേരീസ് പള്ളിയെ ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും കത്തീഡ്രൽ പള്ളിയായി പ്രഖ്യാപിച്ചു.

## പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി.കുർബ്ബാന മധ്യേ മെയ് 12–ാം തീയതി പിറവം പള്ളിയെ കത്തീഡ്രലായി പ്രഖ്യാപിച്ചു

പിറവം : പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി.ഏഴിന്മേൽ കുർബ്ബാന മധ്യേ പിറവം പള്ളിയെ കത്തീഡ്രലായി അദ്ദേഹം പ്രഖ്യാപിച്ചു. മെത്രാപ്പോലീത്തന്മാരായ കുറിയാക്കോസ് മാർ ക്ലിമ്മീസ്, ഡോ.തോമസ് മാർ അത്താനാസിയോസ്, ഡോ.ജോസഫ് മാർ ദീവന്നാസിയോസ്, യൂഹാനോൻ മാർ പോളീകാർപ്പോസ്, സഖറിയാസ് മാർ അപ്രേം തുടങ്ങിയവർ സഹകാർമ്മികരായിരുന്നു. വി. കുർബ്ബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനം പ.കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. യാക്കോബായ സഭ പിറവം പള്ളിയെ കത്തീഡ്രലായി പ്രഖ്യാപിച്ചതിനുശേഷം മാർച്ച് 21ന് അതേ സ്ഥലത്തുവെച്ച് ഓർത്തഡോക്സ് സഭയ്ക്കും പ്രഖ്യാപനം നടത്താനായിരുന്നു ജില്ലാ കളക്ടർ ആദ്യം അനുവാദം നൽകിയിരുന്നത്. എന്നാൽ പിന്നീട് യാക്കോബായ വിഭാഗം അതിനെതിരെ കോടതിയിൽ പോവുകയും തടസ്സം സൃഷ്ടിക്കുകയും ചെയ്തു. പിന്നീട് നടന്ന ഒത്തുതീർപ്പ് ചർച്ചകളുടെ അടിസ്ഥാനത്തിലാണ് പള്ളി കോമ്പൗണ്ടിനു പുറത്ത് സണ്ടേസ്ക്കൂൾ ഹോളിന്റെ ഗ്രൗണ്ടിൽ വെച്ച് പ്രഖ്യാപനം നടത്താൻ ഓർത്തഡോക്സ് സഭയ്ക്ക് അനുവാദം ലഭിച്ചത്.

### കത്തീഡ്രൽ പദവിയിലേക്ക് ഉയർത്തപ്പെട്ട പിറവം വലിയപള്ളി

മൂന്നു രാജാക്കന്മാരുടെ പേരിൽ അറിയപ്പെടുന്ന പിറവം വലിയപള്ളിക്ക് ക്രൈസ്തവസഭയുടെ ആരംഭകാലം മുതലുള്ള ചരിത്രം ഉണ്ട്. ഉണ്ണിയേശുവിനെ ദർശിച്ച മൂന്നു രാജാക്കന്മാർ പണിതതാണ് ഈ പള്ളി എന്ന ഐതീഹ്യം ഉണ്ട്. അഞ്ചാം നൂറ്റാണ്ടിലാണ് ഇപ്പോഴത്തെ മാതൃകയിലുള്ള ദേവാലയം പുനർനിർമ്മിക്കപ്പെട്ടതെന്നും പറയപ്പെടുന്നു. വളരെ പുരാതനമായ ക്രൈസ്തവ പാരമ്പര്യമാണ് പിറവം പള്ളി അവകാശപ്പെടുന്നത്. ഉദയംപേരൂർ സുന്നഹദോസിനുശേഷം പള്ളി റോമൻ ആധിപത്യത്തിലായി. പിന്നീട് നടന്ന കൂനൻകുരിശ് സത്യത്തിലും ഇവിടെനിന്നുള്ള വിശ്വാസികൾ പങ്കെടുത്തിട്ടുണ്ട്. അതിനുശേഷവും ബ്രിട്ടീഷ് ഭരണകാലം വരെ ഈ പള്ളി റോമൻ ആധിപത്യത്തിൽതന്നെ നിലനിന്നു. 1876–ൽ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയ പത്രോസ് പാത്രിയർക്കീസ് ബാവാ ഈ പള്ളിയിൽ താമസിച്ചിട്ടുണ്ട്. അദ്ദേഹമാണ് ഈ ദേവാലയത്തിന് ദൈവമാതാവിന്റെ പേര് നൽകിയത്. എങ്കിലും ഇപ്പോഴും മൂന്നുരാജാക്കന്മാരുടെ പള്ളി എന്നുതന്നെ ഇത് അറിയപ്പെടുന്നു. 1958നു മുമ്പുള്ള സമുദായകേസിന്റെ കാലത്ത് ഈ പള്ളി പാത്രിയർക്കീസ് വിഭാഗത്തിലായിരുന്നു നിലനിന്നത്. 1971നുശേഷം വീണ്ടും കക്ഷിവഴക്കിന്റെ പേരിൽ പള്ളിയിൽ ചേരിതിരിവുണ്ടായി. ഭൂരിപക്ഷം വിശ്വാസികളും യാക്കോബായ വിഭാഗത്തിൽ നിലനിൽക്കുന്നു. പള്ളിഭരണവും അവരുടെ കയ്യിലാണ്. കോടതിവിധികളുടെയും പരസ്പര ധാരണയുടെയും പശ്ചാത്തലത്തിൽ ഇരുവിഭാഗത്തിലുംപെട്ട മെത്രാപ്പോലീത്താമാർക്ക് പള്ളിയിൽ പ്രവേശനമില്ല.

## ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി.കുർബ്ബാന മധ്യേ ഏപ്രിൽ 15–ാം തീയതി പിറവം പള്ളിയെ കത്തീഡ്രലായി പ്രഖ്യാപിച്ചു

പിറവം : ശ്രേഷ്ഠ തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും നടന്ന ഏഴിൽന്മേൽ കുർബ്ബാനമധ്യേ പിറവം പള്ളിയെ കത്തീഡ്രൽ ആയി ഉയർത്തിക്കൊണ്ടുള്ള പ്രഖ്യാപനം അദ്ദേഹം നടത്തി.

പിറവം പള്ളിയോട് അനുബന്ധിച്ചുള്ള സെന്റ് മേരീസ് പാരീഷ്ഹാൾ ഗ്രൗണ്ടിൽ ഒരുക്കിയ പ്രത്യേക മദ്ബഹായിലാണ് ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ നേതൃത്വത്തിലുള്ള വി.കുർബ്ബാനയും കത്തീഡ്രൽ പ്രഖ്യാപനവും നടന്നത്. തുടർന്ന് നടന്ന പൊതുസമ്മേളനം ശ്രേഷ്ഠ ബാവാ ഉദ്ഘാടനം ചെയ്തു. കണ്ടനാട് ഭദ്രാസനത്തിന്റെ ഡോ.മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഡോ.ജോസഫ് മാർ ഗ്രിഗോറിയോസ് അനുഗ്രഹപ്രഭാഷണം നടത്തി. ഡോ.കുര്യൻ കണിയാംപറമ്പിൽ കോർഎപ്പിസ്കോപ്പാ, ഷെവലിയാർ അബ്രഹാം ജോസഫ്, കമാന്റർ കെ.ജെ. വർക്കി എന്നിവരെ ആദരിച്ചു. ഭക്ഷ്യസിവിൽസപ്ലൈസ് മന്ത്രി അഡ്വ.അനൂപ് ജേക്കബ്, ജോസ് കെ.മാണി എം.പി. തുടങ്ങിയവർ പ്രസംഗിച്ചു.

അസോസിയേഷൻ സംബന്ധിച്ച് കെ.ഒ.വർഗീസ് പത്തനംതിട്ട ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടിയുമായി എം.ജി.ജോർജ് മുത്തൂറ്റ്

## മലങ്കര അസോസിയേഷനിൽ അവിഹിതമായി ഒന്നും ചെയ്തില്ലെന്ന് അത്മായട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റ്

(കെ.ഒ.വർഗീസ് പ.കാതോലിക്കാ ബാവായ്ക്ക് നൽകിയ പരാതിക്ക് എം.ജി.ജോർജ് മുത്തൂറ്റ് നൽകിയ മറുപടി)

പ.ബാവാ തിരുമേനി,

2012 മാർച്ച് 7ന് പത്തനംതിട്ടയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിന്റെ ക്രമീകരണങ്ങളെപ്പറ്റി ശ്രീ.കെ.ഒ.വർഗീസ് പ്രസിദ്ധീകരിച്ചിരിക്കുന്ന പരാതിയിൽ മുത്തൂറ്റ് ഗ്രൂപ്പിനെപറ്റി പരാമർശിക്കുന്ന ഭാഗങ്ങൾ തെറ്റിദ്ധാരണ ഉളവാക്കുന്നതും വേദനാജനകവുമാണ്. അസോസിയേഷനുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളിൽ ഒന്നുംതന്നെ മുത്തൂറ്റ് ഗ്രൂപ്പ് ദുരുപയോഗം ചെയ്തിട്ടില്ല.

ഞാൻ അത്മായട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിച്ചിരുന്നതുമൂലം മുത്തൂറ്റ് ഗ്രൂപ്പ് സ്വന്തനിലയിൽ ചില ക്രമീകരണങ്ങൾ പത്തനംതിട്ടയിൽ ചെയ്തിരുന്നു. മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിന്റെ ഓഡിറ്റോറിയം 10000 രൂപ അടച്ച് ബുക്ക് ചെയ്തിരുന്നു. വിവിധ ഭാഗങ്ങളിൽനിന്നും വന്നിരുന്ന മാനേജേഴ്സിന്റെ സൗകര്യാർത്ഥം അവിടെതന്നെ പ്രഭാതഭക്ഷണവും ക്രമീകരിച്ചിരുന്നു. പത്തനംതിട്ട മുത്തൂറ്റ് മെഡിക്കൽ സെന്ററിലെ കാന്റീൻ കോൺട്രാക്ടർ സജിയ്ക്കാണ് ഭക്ഷണത്തിന്റെ ചുമതല നൽകിയിരുന്നത്. ആയിനത്തിൽ 25000 രൂപയോളം കേറ്ററിംഗ് ചാർജ്ജായി നൽകുകയും ചെയ്തു. എൺപതോളം സ്റ്റാഫിനുവേണ്ടിയാണ് ഭക്ഷണം ഓർഡർ ചെയ്തിരുന്നത്. എന്നാൽ വടക്കൻ ഭദ്രാസനങ്ങളിൽനിന്നും വന്ന കുറേ അസോസിയേഷൻ അംഗങ്ങൾ തെറ്റിദ്ധാരണമൂലം ഓഡിറ്റോറിയത്തിൽ വന്ന് സ്റ്റാഫിനുവേണ്ടി ക്രമീകരിച്ചിരുന്ന ഭക്ഷണം കഴിക്കുകയുണ്ടായി. വസ്തുത ഇതായിരിക്കെ തെറ്റിദ്ധാരണാജനകമായ വാർത്തയാണ് കത്തിലൂടെ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

അസോസിയേഷന്റെ ഭക്ഷണ ക്രമീകരണ

(ശേഷം പേജ് 5–ൽ)

അസോസിയേഷൻ യോഗവും തെരഞ്ഞെടുപ്പും സംബന്ധിച്ച് രൂക്ഷമായ വിമർശനങ്ങളുമായി തദ്ദേവൂസ്

## മലങ്കര ഓർത്തഡോക്സ് സഭയുടെ പത്തനംതിട്ട അസോസിയേഷനിൽ നടന്നതെന്ത്? – ദാനിയേൽ പന്തളം

(2012 മെയ് ലക്കം തദ്ദേവൂസ് മാസികയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ)

കഴിഞ്ഞ മാർച്ച് 7–ാം തീയതി പത്തനംതിട്ടയിൽ ഓർത്തഡോക്സ് സഭയുടെ മലങ്കര അസോസിയേഷൻ കൂടി. വർഷങ്ങൾക്കു മുമ്പ് ഇതേ പത്തനംതിട്ടയിൽ കൂടിയ അസോസിയേഷൻ അപാകതകളൊന്നുമില്ലാതെ നടന്നു. തുമ്പമൺ ഭദ്രാസന സെക്രട്ടറി ബഹുമാന്യനായ ടൈറ്റസ് അച്ചന് ഇപ്പോഴത്തെ അസോസിയേഷന്റെ സംഘാടക ചുമതല കൊടുത്തിരുന്നുവെങ്കിൽ ഈ പ്രാവശ്യവും ഭംഗിയായി നടന്നേനെ. പക്ഷെ ചില സ്വാർത്ഥതകൾ നടത്തുവാനുണ്ടായിരുന്നതുകൊണ്ട് മാനേജിംഗ് കമ്മിറ്റി സെക്രട്ടറി ശ്രീമാൻ ജോർജ് ജോസഫ് സകല ചുമതലകളും കയ്യടക്കി കഴിവുള്ളവരെയെല്ലാം ദൂരെനിർത്തി.

(ശേഷം പേജ് 7–ൽ)

## മാമ്മലശ്ശേരി പള്ളിയിൽ സംഘർഷം, കല്ലേറിലും പോലീസ് ലാത്തിച്ചാർജ്ജിലും പോലീസുകാർക്കും വിശ്വാസികൾക്കും പരിക്ക്

3500 പേർക്ക് വേണ്ടി ഒരുക്കിയിരുന്ന പെരുന്നാൾ സദ്യ പാഴായി; പെരുന്നാൾ കുർബ്ബാന നടന്നില്ല; വിശ്വാസികളെ പുറത്താക്കി പള്ളി താൽക്കാലികമായി പൂട്ടി

മൂവാറ്റുപുഴ : ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തെ തുടർന്ന് മാമ്മലശ്ശേരി പള്ളിയിൽ പെരുന്നാളിന് സംഘർഷം. മൂവാറ്റുപുഴ ഡി.വൈ.എസ്.പി. അടക്കം 11 പോലീസ് ഉദ്യോഗസ്ഥന്മാർക്കും പതിനഞ്ചോളം വിശ്വാസികൾക്കും പരിക്ക്. സംഘർഷത്തെ തുടർന്ന് പള്ളിയിൽ പ്രധാന പെരുന്നാളിന്റെ ഭാഗമായുള്ള കുർബ്ബാനയടക്കമുള്ള ചടങ്ങുകൾ മുടങ്ങി. 3500 പേർക്കുവേണ്ടി ഒരുക്കിയിരുന്ന പെരുന്നാൾ സദ്യ പാഴായി. പോലീസ് ലാത്തിച്ചാർജ്ജിനിടെ ചിതറിയോടി പള്ളിയിൽ കയറി വാതിൽ അടച്ച് അകത്തിരുന്ന സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന വിശ്വാസികളെ പുറത്താക്കി പോലീസ് പള്ളി പൂട്ടി. രാവിലെ ഏഴുമണിയോടെ തുടങ്ങിയ സംഘർഷാവസ്ഥയ്ക്ക് ഉച്ചയ്ക്ക് ഒരുമണിയോടെയാണ് അയവുവന്നത്.

തർക്കം നിലനിൽക്കുന്ന പള്ളി റിസീവർ ഭരണത്തിലാണ്. ഓർത്തഡോക്സ് ഭാഗത്തുള്ള രണ്ട് വികാരിമാർക്കാണ് ഇവിടെ കുർബ്ബാന അർപ്പിക്കാൻ അനുവാദമുള്ളത്. പെരുന്നാളിന് കുർബ്ബാന അർപ്പിക്കാൻ ഓർത്തഡോക്സ് സഭയുടെ വൈദികട്രസ്റ്റി ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് എത്തിയതോടെയാണ് സംഘർഷം ആരംഭിച്ചത്. യാക്കോബായക്കാർ വൈദികട്രസ്റ്റിയുടെ കാറിനുനേരെ കല്ലെറിഞ്ഞു. സംഘർഷാവസ്ഥ കണക്കാക്കി നേരത്തെ സ്ഥലത്തുണ്ടായിരുന്ന പോലീസ് ലാത്തിച്ചാർജ്ജ് നടത്തി. പോലീസിനുനേരെയും കല്ലേറുണ്ടായി. അടികൊണ്ട ഇരുഭാഗത്തെയും വിശ്വാസികൾ നാലുഭാഗ

(ശേഷം പേജ് 8–ൽ)

# മലങ്കര അസോസിയേഷൻ – ചില അപ്രിയസത്യങ്ങൾ

തോമസ് തുമ്പമൺ

പത്തനംതിട്ടയിൽവച്ച് 2012 മാർച്ച് 7ന് നടന്ന മലങ്കര അസോസിയേഷനിൽ വിവിധ കമ്മിറ്റികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും അസോസിയേഷൻ നടപടിക്രമങ്ങൾക്ക് ദൃക്സാക്ഷി ആവുകയും ചെയ്ത ഒരു സഭാംഗമാണ് ഞാൻ. ഇത്തവണത്തെ മലങ്കര അസോസിയേഷനിൽ ഏറ്റവും അധികം സഭാംഗങ്ങൾ ചർച്ച ചെയ്ത ഒരു കാര്യമാണ് വൈദികട്രസ്റ്റി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ്. ഫാ.ഡോ.എം.ഒ. ജോൺ, ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവർ ഈ സ്ഥാനത്തേക്ക് മത്സരിച്ചു. കഴിഞ്ഞ അസോസിയേഷൻ തെരഞ്ഞെടുപ്പിൽ മലങ്കരസഭാനേതൃത്വം മുന്നോട്ടുവെച്ച ഒരുപാധിയായിരുന്നു ഒരു സ്ഥാനത്ത് ഒരാൾ ഒരു ടേം ഇരുന്നാൽ മതി എന്നുള്ളത്. അതേ കാര്യംതന്നെയാണ് ഫാ.ഡോ.എം.ഒ.ജോൺ ഈ തെരഞ്ഞെടുപ്പിൽ സഭാംഗങ്ങൾക്കുമുന്നിൽ വെച്ചത്. എന്നാൽ സഭാനേതൃത്വത്തിന്റെയും സഭയുടെ ഭരണവും സ്വത്തുക്കളും കയ്യടക്കിവെച്ചിരിക്കുന്ന ചില ലോബികളുടെയും കണ്ണിലെ കരടായ ഫാ.ഡോ.എം.ഒ.ജോൺ സ്ഥാനാർത്ഥിയായി നിന്നപ്പോൾ കഴിഞ്ഞ അസോസിയേഷൻ തെരഞ്ഞെടുപ്പിൽ തങ്ങൾതന്നെ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ സൗകര്യപൂർവ്വം വിഴുങ്ങുകയാണുണ്ടായത്. കഴിഞ്ഞതവണ അധികാരസ്ഥാനങ്ങൾ ലഭിച്ചവരെല്ലാം അത് നിലനിർത്തുവാൻ പരക്കം പായുന്ന കാഴ്ചയാണ് പിന്നീട് സഭാമക്കൾ കണ്ടത്. ഈ പരക്കംപാച്ചിലിനിടയിൽ ക്രിസ്ത്യാനി എന്ന വാക്കിന്റെ അർത്ഥവും മറന്ന പ്രവർത്തനങ്ങളാണ് പലരിലും നിന്ന് കാണാൻ ഇടയായത്.

അസോസിയേഷൻ അംഗങ്ങളാകുവാൻവേണ്ടി പതിനായിരങ്ങളും ലക്ഷങ്ങളും മുടക്കി പലരും പൊരുതുന്നത് കണ്ടപ്പോൾ മനസ്സിൽ തോന്നിയ ചില ചോദ്യങ്ങൾ സഭാമക്കളുടെ മുമ്പാകെ വച്ചുകൊള്ളട്ടെ. മലങ്കരസഭയെ സേവിക്കാൻ അരയും തലയും മുറുക്കി ഇറങ്ങിയ ഇവരിൽ എത്രപേർ സണ്ടേസ്ക്കൂളിൽ പത്താംക്ലാസ്സുവരെയെങ്കിലും പഠിക്കുകയും സ്വന്തം മക്കളെ ഞായറാഴ്ചകളിൽ സണ്ടേസ്ക്കൂൾ ക്ലാസ്സുകൾക്ക് വിടുകയും ചെയ്യുന്നു. ഇതിൽ എത്രപേർ സണ്ടേസ്ക്കൂൾ അദ്ധ്യാപകരോ പ്രാർത്ഥനായോഗ ഭാരവാഹികളോ ആയി അഞ്ചുകൊല്ലക്കാലം പ്രവർത്തിച്ചിട്ടുണ്ട്. സഭയുടെ ഭാവിതലമുറയെ സഭാവിശ്വാസത്തിൽ വളർത്തുന്നതിനുവേണ്ടി ആഴ്ചയിൽ അല്പസമയം ചിലവഴിക്കാൻ ഇല്ലാത്തവർ അസോസിയേഷൻ പ്രതിനിധികളാകുവാൻ പെടാപ്പാട് പെടുന്നതിനു പിന്നിലെ സേവന തൽപരതയും ആത്മാർത്ഥതയും നാം തിരിച്ചറിയണം.

ചില അജണ്ടാ ഐറ്റങ്ങൾ പ്രസ്താവിച്ച് പാസ്സാക്കുന്നതിനും വൈദിക-അത്മായ ട്രസ്റ്റിസ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിനുമായി സഭ ലക്ഷക്കണക്കിനു രൂപയും മനുഷ്യാദ്ധ്വാനവും ചിലവഴിച്ചതു കണ്ടപ്പോൾ മറ്റൊരു കാര്യം മനസ്സിൽതോന്നി. എന്തിന് ഈ വ്യയം. ഇതേകാര്യം തന്നെ വിവിധ ഇടവകകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട അസോസിയേഷൻ അംഗങ്ങൾക്ക് തപാൽ മുഖേന അയച്ചുകൊടുത്ത് അവരുടെ അഭിപ്രായവോട്ട് രേഖപ്പെടുത്തി നടത്തിക്കൂടെ. ബഹു.സുപ്രീംകോടതിവിധി ഉദ്ധരിച്ച് ഈ തെരഞ്ഞെടുപ്പ് മാമാങ്കത്തെ ന്യായീകരിക്കുന്നവരോട് ഒന്നു പറഞ്ഞുകൊള്ളട്ടെ. ഒരു തെരഞ്ഞെടുപ്പ് ജനാധിപത്യപരമായി നടത്തുവാൻ ഇത്തരം വോട്ടിംഗ് രീതി വേണമെന്നില്ല. പോസ്റ്റൽ ബാലറ്റുകൾ ധാരാളം മതി. അസോസിയേഷൻ അംഗങ്ങൾ തങ്ങളുടെ വോട്ട് രേഖപ്പെടുത്തിയ ബാലറ്റുകൾ റിട്ടേണിംഗ് ഓഫീസറുടെ പേരിൽ നിശ്ചിത തീയതിക്കകം ലഭ്യമാകുംവിധം അയച്ചുകൊടുക്കുകയും അവ സ്ഥാനാർത്ഥികളുടെയോ അവരുടെ ഇലക്ഷൻ ഏജന്റുമാരുടെയോ സാന്നിധ്യത്തിൽ എണ്ണിത്തിട്ടപ്പെടുത്തി ഫലം പ്രഖ്യാപിക്കുകയോ ആവാം. ഈ നടപടിക്രമം പൂർത്തിയാക്കുവാൻ ഇപ്പോൾ ഈ സഭ അസോസിയേഷൻ നടത്തുവാനായി ചിലവാക്കിയതിന്റെ പത്തിലൊന്നു തുകപോലും വേണ്ട. മലങ്കരസഭയിലെ വിവിധ ഇടവക പ്രതിനിധികളുടെ ഒരു യോഗം വർഷത്തിലൊരിക്കലോ അഞ്ചുവർഷത്തിലൊരിക്കലോ പരുമല പള്ളിയിൽവെച്ചോ മറ്റേതെങ്കിലും തീർത്ഥാടനകേന്ദ്രത്തിലോവെച്ച് ആവശ്യമെങ്കിൽ കൂടാമല്ലോ.

ഇനി തെരഞ്ഞെടുപ്പ് സത്യസന്ധമായും സുതാര്യമായും നടത്തുന്നതിനാണ് എല്ലാവരെയും കൂട്ടിവരുത്തി പോളിംഗ് ബൂത്തുകളിലയച്ച് വോട്ടെടുപ്പ് നടത്തി വോട്ടെണ്ണി ഫലം പ്രഖ്യാപിക്കുന്നത് എന്ന് പറയുമെങ്കിൽ, ഈ തെരഞ്ഞെടുപ്പിന്റെ ഒരു സാക്ഷി എന്ന നിലയിൽ ചില ചോദ്യങ്ങൾ ഉന്നയിക്കട്ടെ. 43 പോളിംഗ് ബൂത്തുകളിലായി നടന്ന വൈദിക അത്മായ ട്രസ്റ്റിസ്ഥാനങ്ങളിലേക്ക് രണ്ട് പെട്ടികളിലായാണ് വോട്ടുചെയ്ത ബാലറ്റുകൾ ഇട്ടത്. ലക്ഷങ്ങൾ മുടക്കി നടത്തിയ ഈ തെരഞ്ഞെടുപ്പിൽ ഈ പെട്ടികൾക്ക് ഒരു പൂട്ടുവീതം വാങ്ങുവാനുള്ള സാമ്പത്തികശേഷി മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഉണ്ടായില്ല. ഇത് മനപൂർവ്വമുള്ള മറവിയാണെന്ന് വ്യക്തമാണ്. തെരഞ്ഞെടുപ്പിൽ കൃത്രിമം കാണിക്കാൻ ഉദ്ദേശിക്കുന്നവർക്ക് പെട്ടിക്ക് പൂട്ടുവെച്ചാൽ അത് അത്ര എളുപ്പം സാധിക്കില്ല. ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെ ഇലക്ഷൻ റിട്ടേണിംഗ് ഓഫീസറായി നിയമിച്ചുകൊണ്ട് നടത്തിയ ഈ തെരഞ്ഞെടുപ്പ് പ്രഹസനത്തിൽനിന്ന് ഒരു കാര്യം വ്യക്തമായി. അദ്ദേഹം ഒരു തെരഞ്ഞെടുപ്പുപോലും സത്യസന്ധമായി ചെയ്യാൻ അറിയാത്ത ആളാണ് എന്ന്. സഭയുടെ സ്ക്കൂളുകളിലെയും കോളജുകളിലെയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് പോളിംഗ് ബൂത്തിൽ അയച്ച് വോട്ടെടുപ്പ് നടത്തിയവർ സ്ഥാനാർത്ഥികളുടെ ഏജന്റുമാർ ബൂത്തിൽ ഉണ്ടായിരിക്കണമെന്ന കാര്യം മറന്നുവോ? ഇലക്ഷൻ സത്യസന്ധമായി നടത്തുവാൻ ബൂത്തുകളിൽ ജോലി ചെയ്ത ഉദ്യോഗസ്ഥർ ശ്രമിച്ചിട്ടുണ്ട്. പെട്ടിയുടെ ഉൾവശം പ്രതിനിധികളെ കാണിച്ച് കാലിയാണെന്ന് ബോധ്യപ്പെടുത്തി പെട്ടി അടച്ച് പേപ്പർസീൽ ഒട്ടിച്ചാണ് വോട്ടിംഗ് തുടങ്ങിയത്. വോട്ടിംഗ് തീർന്നശഷം ബാലറ്റ് നിക്ഷേപിക്കുന്ന ദ്വാരവും മറ്റൊരു പേപ്പർസീൽ ഉപയോഗിച്ച് അടച്ചു. ഇവിടംവരെയുള്ള കാര്യങ്ങൾ സുതാര്യമാണ്. എന്നാൽ അതിനുശേഷം ഈ പെട്ടികൾ ഓരോ ബൂത്തുകളിൽനിന്നും ജനങ്ങളുടെ മുന്നിൽവെച്ച് തന്നെ ഒരു വാഹനത്തിൽ ശേഖരിച്ച് അത് ഒരുമിച്ച് വോട്ടെണ്ണൽ നടന്ന കോളജ് ഓഡിറ്റോറിയത്തിൽ എത്തിക്കുവാൻ ബന്ധപ്പെട്ടവർ ബോധപൂർവ്വം മറന്നു. ഓരോ ബൂത്തുകളിൽനിന്നും ഈ പെട്ടികൾ പല വഴിക്ക് എടുത്ത് ആഡിറ്റോറിയത്തിൽ എത്തിക്കുകയായിരുന്നു ചെയ്തത്. അതിനിടയിൽ എന്തു ക്രിത്രിമവും ആർക്കും ചെയ്യാമായിരുന്നു – അനുവാദമുണ്ടെങ്കിൽ. പെട്ടികളിൽ പേപ്പർ സീൽ പതിപ്പിച്ചിരുന്നല്ലോ എന്ന് ന്യായമായും നാം ചിന്തിക്കും. കേരളത്തിലെ ജനാധിപത്യവ്യവസ്ഥയിൽ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുന്ന റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും വിവിധ തെരഞ്ഞെടുപ്പ് നടത്തുന്നതിൽ സഹകരിച്ച ഒരു വ്യക്തിയുമെന്ന നിലയിൽ അന്നു നടന്ന ചില സംഭവങ്ങൾ കണ്ടപ്പോഴാണ് ഈ സംശയങ്ങൾ ഉണ്ടായത്. പെട്ടിയുമായി ഓഡിറ്റോറിയത്തിൽ വന്ന ഒരു ഉദ്യോഗസ്ഥൻ അവിടെവെച്ച് വീഴാൻ തുടങ്ങുകയും അദ്ദേഹത്തിന്റെ കയ്യിലിരുന്ന 33-ാം നമ്പർ ചുവന്നപെട്ടി താഴെവീണ് തുറന്ന് ബാലറ്റുകൾ ചിതറിവീഴുകയും ചെയ്തു. പെട്ടന്ന് ഓഡിറ്റോറിയത്തിൽ പെട്ടികൾ വാങ്ങിവെയ്ക്കാൻ നിന്ന മറ്റൊരുദ്യോഗസ്ഥൻ ഓടിയെത്തി ബാലറ്റുകൾ ഈ പെട്ടിയിൽതന്നെ പെറുക്കിയിട്ടു. അവിടെനിന്ന മറ്റാൾക്കാർ പെട്ടിയുടെ പേപ്പർസീലു പൊട്ടിപ്പോയല്ലോ എന്നു പറഞ്ഞപ്പോൾ ഇദ്ദേഹം പോക്കറ്റിൽനിന്ന് സീലുകൾ പുറത്തെടുത്ത് രണ്ടുമൂന്നെണ്ണം പെട്ടിയിൽ ഒട്ടിച്ച് പെട്ടി അതിന്റെ സ്ഥാനത്തുകൊണ്ടുവെച്ചു. പിന്നീട് കോളജിലെ ഒരു അദ്ധ്യാപകൻ ഇതേപ്പറ്റി ചോദിച്ചപ്പോൾ ഇയാൾ പാന്റിന്റെ പോക്കറ്റിൽനിന്നും ഏതാണ്ട് അമ്പതോളം പേപ്പർ സീലുകൾ (സഭാമുദ്രയുള്ളത്) പുറത്തെടുത്ത് ഇനിയും എത്രവേണമെങ്കിലും കയ്യിലുണ്ട് എന്ന് പറയുകയും ചെയ്തു. ഇതെന്താണ് കാണിക്കുന്നത്? സത്യസന്ധമായും സുതാര്യമായും നടത്തുന്ന ഒരു തെരഞ്ഞെടുപ്പാണോ ഇത്? നിയമസഭകളിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പിൽ എത്ര ശ്രദ്ധാപൂർവ്വവും സത്യസന്ധവുമായാണ് കാര്യങ്ങൾ നടത്തുന്നത് എന്ന് അതിൽ ഭാഗഭാക്കുകളായവർക്ക് അറിയാം. പോളിംഗ് ഉദ്യോഗസ്ഥർക്ക് നമ്പരിട്ട പേപ്പർസീലുകൾ നൽകുകയും ആ പേപ്പർസീലുകളിൽ ഉപയോഗിച്ചവ കേടുപറ്റിയവ, ഉപയോഗിക്കാത്തവ എന്നിങ്ങനെ തിരിച്ച് നമ്പർ രേഖപ്പെടുത്തി പ്രത്യേക കവറിലാക്കി തിരികെ നൽകുകയും വേണം. ഇവിടെയാകട്ടെ സഭയുടെ മുദ്രയടിച്ച പേപ്പർസീലുകൾ യഥേഷ്ടം ആരുടെയൊക്കെയോ പക്കൽ ഇരിക്കുന്നു. പെട്ടികളുമായി ബൂത്തിൽനിന്നും ആഡിറ്റോറിയത്തിലേക്ക് വന്ന ഉദ്യോഗസ്ഥർ മിക്കവരും ഉച്ചഭക്ഷണം നടന്ന ഗ്രിഗോറിയൻ ഹാളിനടുത്തുകൂടിയാണ് അവിടേക്ക് വന്നത്. വോട്ടെടുപ്പ് കഴിഞ്ഞ് ഏതാണ്ട് അരമണിക്കൂറിലധികം സമയമെടുത്തു ഈ പെട്ടികൾ ആഡിറ്റോറിയത്തിലെത്താൻ ഇതിനിടെ ഏതെങ്കിലും ഉദ്യോഗസ്ഥർ പെട്ടിയുടെ പേപ്പർസീൽ ഇളക്കിമാറ്റി അതിൽനിന്നും ബാലറ്റുകൾ പുറത്തെടുക്കുകയും പകരം ഏതെങ്കിലും സ്ഥാനാർത്ഥിക്ക് വോട്ട് രേഖപ്പെടുത്തിയ അത്രയും എണ്ണം ബാലറ്റുകൾ ആ പെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്ത് പെട്ടി അടച്ച് മറ്റൊരു പേപ്പർ സീൽ ഒട്ടിക്കുകയും ചെയ്തുകൂടെ? ഒരുതെരഞ്ഞെടുപ്പിൽ ഏറ്റവും കൃത്യതയോടുകൂടി കൈകാര്യം ചെയ്യേണ്ട പേപ്പർസീലുകൾ ആരുടെയൊക്കെയോ പക്കൽ യഥേഷ്ടം ഉണ്ടായിരുന്നെങ്കിൽ ബാലറ്റുകളും അങ്ങനെതന്നെ ഉണ്ടായിരുന്നിരിക്കണമല്ല. പെട്ടി പൂട്ടാഞ്ഞതിന്റെ രഹസ്യം ഇവിടെയാണ്. പൂട്ടിന്റെ താക്കോലുകളും മറ്റുള്ളവരുടെ പക്കൽ ഉണ്ടായിരുന്നിരിക്കണമെന്നിരിക്കിലും പെട്ടി പൂട്ടി താഴ് തുണിപൊതിഞ്ഞ് സീലിംഗ് വാക്സ് ഒഴിച്ച് മെറ്റൽസീലും പതിപ്പിച്ചാൽ അതെല്ലാം തുറന്ന് ബാലറ്റുകൾ നിക്ഷേപിച്ച് വീണ്ടും പെട്ടികൾ പഴയപടി സീൽചെയ്യുവാൻ കുറേയധികം സമയം എടുക്കുകയും ഇതൊക്കെ ആരുടെയെങ്കിലും ശ്രദ്ധയിൽപ്പെടുകയും ചെയ്യും. പെട്ടിക്ക് പൂട്ടേ ഇല്ലെങ്കിൽ എത്ര എളുപ്പം!

വിവിധ കൗണ്ടറുകളിൽ പോൾചെയ്ത പെട്ടികളിലെ വോട്ടുകൾ എണ്ണിത്തുടങ്ങിയപ്പോൾ വൈദികട്രസ്റ്റിസ്ഥാനത്തേക്ക് മത്സരിച്ച ഫാ.ഡോ.എം.ഒ.ജോണിനും ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനും ഏതാണ്ട് അടുത്തടുത്ത വോട്ടുകൾ മിക്ക ബൂത്തുകളിലും ലഭിച്ചു. ചില ഭദ്രാസനങ്ങളിൽ ജോണച്ചനും മറ്റുചിലയിടങ്ങളിൽ കോനാട്ടച്ചനും ഭൂരിപക്ഷം ലഭിച്ചു. എന്നാൽ ഇവിടെയൊക്കെയും ഉണ്ടായ ഭൂരിപക്ഷങ്ങൾ 20-60 ശതമാനത്തോളമേ ഉണ്ടായിരുന്നുള്ളു. ജോണച്ചനെതിരെ ഏറ്റവുമധികം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത കോട്ടയത്തുപോലും അദ്ദേഹത്തിന് സാമാന്യം വോട്ടുകൾ ലഭിച്ചു – ഭൂരിപക്ഷം ഇല്ലെങ്കിൽപോലും. എന്നാൽ ഇടുക്കി, കണ്ടനാട് ഈസ്റ്റ് വെസ്റ്റ്, അങ്കമാലി, തൃശ്ശൂർ എന്നീ ഭദ്രാസനങ്ങളിൽ ജോണച്ചന് പത്തിൽ താഴെ വോട്ട് മാത്രവും, കോനാട്ടച്ചന് എൺപതും തൊണ്ണൂറും വോട്ടുകളും ലഭിച്ചു. ഇവിടെയും സംശയം അവശേഷിക്കുന്നു. യഥാർത്ഥത്തിൽ ഇത്രയും കുറവ് വോട്ടുകൾ മാത്രമെ ജോണച്ചന് അവിടെ ലഭിച്ചുള്ളോ? അതോ ഈ ബൂത്തുകളിലെ പെട്ടികളിലെ വോട്ടുകൾ സഭാനേതൃത്വത്തിന്റെ അറിവോടും താൽപര്യത്തോടും കൂടി അങ്ങനെ ആയതോ. എങ്കിൽ എന്തിനാണ് ഇത്തരമൊരു തെരഞ്ഞെടുപ്പ് പ്രഹസനം നടത്തിയത്. തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസറുടെ കഴിവും സത്യസന്ധതയും കൂടിയാണ് ഇവിടെ ചോദ്യംചെയ്യപ്പെടുന്നത്.

സഭ പ.നോമ്പ് ആചരിക്കുന്ന വേളയിൽ നടന്ന ഈ തെരഞ്ഞെടുപ്പ് സഭാംഗങ്ങൾക്ക് വളരെ മാതൃകാപരമായി എന്നുകൂടി ഇവിടെ ചേർത്തുവായിക്കണം. ജോണച്ചനെതിരെ വ്യക്തിപരമായി അധിക്ഷേപങ്ങൾ ചൊരിഞ്ഞ് ഇറങ്ങിയ നിരവധി മഞ്ഞക്കടലാസുകൾ സഭാമക്കൾ സൂക്ഷിച്ചുവെച്ച് ദിവസവും പ്രാർത്ഥനയോടൊപ്പം ചൊല്ലണം എന്നൊരു കല്പനകൂടി ഇറങ്ങിയാൽ നന്നായിരുന്നു. ഇലക്ഷൻ നടന്ന ദിവസവും അച്ചനെതിരെ ഇത്തരം ലഘുലേഖകൾ ഇറങ്ങിയിരുന്നു ഇതൊക്കെ ഇറക്കിയവരും അതിനു കൂട്ടുന്നിവരും നോമ്പിലെ ഒരു വേദവാക്യം ഓർക്കുക. ഭക്ഷണത്തിൽനിന്ന് ഉപവസിക്കുന്നവരും വൈരാഗ്യവും പൈശൂന്യവും നിറഞ്ഞിരിക്കുന്നവരുമുണ്ട്. ഇവരൊക്കെ ഉപവസിക്കുന്നതായി ഭാവിക്കുകയും നമ്മെ നോമ്പുനോക്കാൻ ഉത്ബോധിപ്പിക്കുകയും ചെയ്യുന്നത് എന്തിന്? വോട്ടിന് നിൽക്കുന്ന ആൾ സ്വന്തം നേട്ടങ്ങൾ വോട്ടറുടെ മുൻപിൽ വെയ്ക്കുകയും വോട്ട് അഭ്യർത്ഥിക്കുകയുമാണ് വേണ്ടത്. അതിനുപകരം മറ്റേയാളിനെ അധിക്ഷേപിച്ച് ലഘുലേഖകൾ ഇറക്കിയും ഫോൺ ചെയ്തും എസ്.എം.എസ്. അയച്ചും വോട്ടുതേടുന്നവർ സ്വന്തം കഴിവുകളൊന്നും പറയാനില്ലാത്തവരായതുകൊണ്ടല്ലേ ഇങ്ങനെ ചെയ്യുന്നത്. സഭയിലെ പല വൈദികരും ജോണച്ചന് വോട്ട് ചെയ്യാൻ ആഗ്രഹമുള്ളവരാണെങ്കിലും സഭാനേതൃസ്ഥാനങ്ങളിലിരിക്കുന്നവരെ പിണക്കിയാൽ അടുത്ത ട്രാൻസ്ഫറിൽ ചെറിയ പള്ളികളിലേക്ക് പോകേണ്ടിവരുമെന്ന് ഭയപ്പെടുന്നതിനാൽ സ്വന്തം അഭിപ്രായം ധൈര്യമായി രേഖപ്പെടുത്താൻ കഴിയാതെ നിസ്സഹായരായി നിൽക്കുന്ന കാഴ്ചയും ഈ തെരഞ്ഞെടുപ്പിൽ കണ്ട് കോനാട്ടച്ചൻ വിജയിച്ചതായി പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തിനുവേണ്ടി ആർപ്പുവിളിക്കാൻ ആളിനെ ഇറക്കുമതി ചെയ്യേണ്ടിവന്നു എന്നതിലും സഭയ്ക്ക് അഭിമാനിക്കാം. ഇതൊക്കെ കാണുകയും വിലയിരുത്തുകയും ചെയ്യുന്ന ഒരു പുതിയ തലമുറ ഇവിടെ ഉണ്ട് എന്ന് മറക്കരുത്. സഭയുടെ പോക്ക് നാശത്തിലേക്കാണ് എന്നു വേദനയോടെ പറയേണ്ടിവരുന്നു. ചരിത്രം പഠിച്ചിട്ടുള്ളവർക്ക് യൂറോപ്പിൽ കത്തോലിക്കാ സഭയിലുണ്ടായ നവീകരണ പ്രതിനവീകരണ പ്രസ്ഥാനങ്ങളെപ്പറ്റി അറിവുണ്ടല്ലോ. അന്ന് സഭയിലെ അനാചാരങ്ങളെയും തെറ്റുകളെയും ചൂണ്ടിക്കാണിച്ചവരെ സഭവിമതരും വെറുക്കപ്പെട്ടവരുമായി എണ്ണുകയും അവരെ പീഢിപ്പിക്കുകയും ചെയ്തു. എന്നാൽ കാലം മാറിയപ്പോൾ സഭ സ്വന്തം തെറ്റുകൾ മനസ്സിലാക്കുകയും അവരെയൊക്കെ അംഗീകരിക്കുകയും ചെയ്യേണ്ടിവന്നു. മലങ്കര ഓർത്തഡോക്സ് സഭ ഭൗതികസ്വത്തുക്കൾക്കും അധികാരമോഹങ്ങൾക്കും പുറകേ പായുമ്പോൾ ഒന്നു മനസ്സിലാക്കണം. നമ്മുടെ ആത്മീയത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിന് സാക്ഷ്യമായി മാതൃകയായി എടുത്തുകാണിക്കാവുന്ന എത്ര നേതൃത്വങ്ങൾ നമുക്കിന്നുണ്ട്. സഭ ആത്മപരിശോധന നടത്തുകയും അംഗീകരിക്കേണ്ടവരെ അംഗീകരിക്കുകയും ആത്മീയപാതയിൽ ഒരു പുത്തൻ മാതൃക കാണിക്കുകയും വേണം. ഇതിനൊന്നും കഴിയുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം വിശ്വാസികളെ നല്ലവരാക്കാനുള്ള പ്രസംഗഹ്ങളും കല്പനകളുമായി രംഗത്ത് വന്ന് അവഹേളിതരാകാതിരിക്കാനും ശ്രദ്ധിക്കണം.

# വട്ടക്കുന്നേൽ ബാവായുടെയും മറ്റു കാതോലിക്കാബാവാമാരുടെയും ചിത്രങ്ങൾ ഏലിയാ കത്തീഡ്രലിൽനിന്ന് എടുത്തുമാറ്റിയതിനെതിരെയുള്ള പ്രതിഷേധം ശക്തമാകുന്നു

വി.എ.ഏബ്രഹാം വട്ടക്കുന്നേൽ കളരിത്ര (എലിയാകത്തീഡ്രൽ മുൻട്രസ്റ്റി)

കോട്ടയം : മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രമുഖ ദേവാലയമാണ് മാർ ഏലിയാ കത്തീഡ്രൽ. പ.കാതോലിക്കാ ബാവായുടെ ആസ്ഥാന ദേവാലയം. കത്തോലിക്കാ സഭയുടെ തലവൻ മാർപാപ്പായുടെ കേരളാ സന്ദർശനവേളയിൽ പ.കാതോലിക്കാ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുമായുള്ള (വട്ടക്കുന്നേൽ ബാവാ) കൂടിക്കാഴ്ചയ്ക്കു വേദിയായത് മാർ ഏലിയാ കത്തീഡ്രലാണ്. പ.പരുമല തിരുമേനി യെരുശലേം യാത്ര നടത്തിയപ്പോൾ കടൽക്ഷോഭമുണ്ടായ സമയം മാർ ഏലിയാ ദീർഘദർശിയുടെ നാമത്തിൽ ഒരു ദേവാലയം പണിയാമെന്ന് നേർച്ച നേർന്നു. തുടർന്ന് പ.പരുമല തിരുമേനിയുടെ അപേക്ഷപ്രകാരം പുലിക്കോട്ടിൽ തിരുമേനിയാണ് ദേവാലയം സ്ഥാപിച്ചത്.

ഈ ദേവാലയവും വട്ടക്കുന്നേൽ ബാവായുമായുള്ള ബന്ധം മണൽത്തരികൾക്കുപോലും സുപരിചിതമാണ്. ഈ ബന്ധം ബാവാ ആയിരുന്നപ്പോൾ മാത്രമല്ല അതിനു മുമ്പു മുതലുള്ളതാണ്. മെത്രാപ്പോലീത്തായായിരുന്ന മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി പതിറ്റാണ്ടുകൾ താമസിച്ചത് കത്തീഡ്രലിനോട് ചേർന്ന കെട്ടിടത്തിലായിരുന്നു. അങ്ങനെയൊക്കെ ഉണ്ടായ ആ തീവ്രബന്ധത്തിന്റെ സ്മരണകൾ ഇന്നും ആരിൽനിന്നും മാഞ്ഞുപോയിട്ടില്ല.

തിരുമേനി ഏലിയാ കത്തീഡ്രൽ ഇടവകാംഗമാണ്. നേരത്തെ മണർകാട്ട് പള്ളി ഇടവകാംഗങ്ങളായിരുന്ന വട്ടക്കുന്നേൽ കുടുംബക്കാർക്ക് മാർ ഏലിയാ ചാപ്പലിൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പ.വട്ടശ്ശേരിൽ തിരുമേനി പഴയ സെമിനാരിയിൽവെച്ച് വട്ടക്കുന്നേൽ കുര്യന് വക്കീലിന്റെ കൈവശം പ്രത്യേകം കല്പന ഉപ്പൂട്ടിൽ യാക്കോബ് കത്തനാർക്ക് കൊടുത്ത് അംഗങ്ങളാക്കുകയാണ്ടായത്. ആ കല്പന ഇടവകചരിത്രത്തിലെ മറ്റൊരു വസ്തുത.



ഈ പശ്ചാത്തലത്തിൽ വേണം വട്ടക്കുന്നേൽ ബാവാ തിരുമേനിയുടെ ഛായാചിത്രം പള്ളിയിൽ സ്ഥാപിച്ചിരിക്കുന്നതിനെ വിലയിരുത്താൻ. തിരുമേനിയുടേതു മാത്രമല്ല സഭയ്ക്ക് സ്തുത്യർഹമായ നേതൃത്വം നൽകിയ എല്ലാ പ.കാതോലിക്കാ ബാവാ തിരുമേനിമാരെയും ദേവാലയ സ്ഥാപകനായ പുലിക്കോട്ടിൽ തിരുമേനി, പാമ്പാടി തിരുമേനി, പുത്തൻകാവിൽ തിരുമേനി എന്നിവരുടെയും ഫോട്ടോകൾ പള്ളിയിൽ വച്ചിരുന്നു.

എന്നാൽ ഇന്ന് അതെല്ലാം നീക്കം ചെയ്തിരിക്കുകയാണ്. ഇതേക്കുറിച്ച് പരാതി ഉയർന്നപ്പോൾ ആർകിടെക്റ്റ് പറഞ്ഞിട്ടാണ് ഫോട്ടോകൾ മാറ്റിയതെന്നായിരുന്നു വിശദീകരണം. ഒരു പള്ളിയുടെ ഘടന സംബന്ധിച്ച് ആർകിടെക്റ്റിന്റെ അഭിപ്രായം സുപ്രധാനമാണ്. എന്നാൽ പള്ളിയിൽ ആരുടെയൊക്കെ ഫോട്ടോ വയ്ക്കണമെന്ന് തീരുമാനിക്കുന്നത് ആർകിടെക്റ്റാണോ?

ഈ വാദത്തിന്റെ ദൗർബല്യം സ്വയം ബോധ്യപ്പെട്ടതുകൊണ്ടാവാം സഭ വിശുദ്ധന്മാരായി പ്രഖ്യാപിച്ചവരുടെ ഫോട്ടോകൾ മാത്രം വെച്ചാൽ മതി എന്നായി പിന്നത്തെ വിശദീകരണം. ഇതിന്റെയും സാംഗത്യം എന്താണ്. അങ്ങനെ ഒരു തീരുമാനമുണ്ടെങ്കിൽ അതു സഭയിലെ എല്ലാ ദേവാലയങ്ങൾക്കും ബാധകമല്ലെ. ഇപ്പോഴും സഭയിലെ നൂറുകണക്കിനു പള്ളികളിൽ പിതാക്കന്മാരുടെ ചിത്രം നമുക്ക് കാണാൻ കഴിയുന്നു. വട്ടക്കുന്നേൽ ബാവായ്ക്കു സ്മൃതി മന്ദിരം നിർമ്മിക്കുന്നു എന്നാണ് മറ്റൊരു വിശദീകരണം. നല്ലതുതന്നെ. അതു ബാവാ തിരുമേനിയോട് കാട്ടേണ്ട ഒരു അർച്ചനയാണ്. അതിന് പള്ളിയിലെ ചിത്രം നീക്കം ചെയ്യുന്നതെന്തിന്? ഇത്തരം മുടന്തൻ ന്യായങ്ങൾക്കുവേണ്ടി പരതുന്നതിനു പകരം പള്ളിയിൽ ഉണ്ടായിരുന്ന പിതാക്കന്മാരുടെ ചിത്രങ്ങൾ പുനസ്ഥാപിക്കുകയാണ് വേണ്ടത്. ഇക്കാര്യത്തിൽ വലിയ ആലോചനയ്ക്ക് അടിസ്ഥാനമുണ്ടോ. കാരണം ഈ ഫോട്ടോകൾ പുതിയതായി വെയ്ക്കുകയല്ല. നേരത്തെ സ്ഥാപിച്ചിരുന്നതാണ്. അതു ഇളക്കി മാറ്റിയെന്ന അനധികൃത നടപടി ചുമതലപ്പെട്ടവർ നടത്തിയെന്ന് മാത്രം. തെറ്റുതിരുത്തുക എന്നതു വിവേകമുള്ള സമൂഹത്തിന്റെയും വ്യക്തിയുടെയും ലക്ഷണമാണ്.

തന്റെ ആസ്ഥാന ദേവാലയത്തിലെ മുൻഗാമികളുടെയടക്കമുള്ള ചിത്രങ്ങൾ നീക്കം ചെയ്തതു പ.പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി അംഗീകരിക്കുമെന്ന് കരുതുന്നില്ല. ഇതു സംബന്ധിച്ച് ഇടവകാംഗങ്ങൾ പ.ബാവാ തിരുമേനിക്ക് പരാതി നൽകിയെങ്കിലും ഇതുവരെ തീരുമാനമായിട്ടില്ല. എത്രയും വേഗം പ.ബാവാ തിരുമേനി ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ദോഹ ഓർത്തഡോക്സ് ഇടവകയിൽ കാതോലിക്കേറ്റ് ശതാബ്ദി സെമിനാർ

ദോഹ : ദോഹ ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ മെയ് 25ന് നടക്കുന്ന കാതോലിക്കേറ്റ് ശതാബ്ദി സെമിനാറിൽ ഫാ.ഡോ.എം.ഒ.ജോൺ മുഖ്യപ്രഭാഷണം നടത്തും. ഫാ.ജോയി എം.സ്ക്കറിയാ, ഫാ.ജോസ് ഐസക്, ജോയി പി.മാത്യു തുടങ്ങിയവർ നേതൃത്വം നൽകും. കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി വിവിധ ജീവകാരുണ്യ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.


## നെഴ്സിംഗ് അഡ്മിഷൻ

താഴെക്കാണുന്ന പ്രശസ്തമായ നെഴ്സിംഗ് കോളേജുകളിലേക്ക് BSc/GNM/MSc നെഴ്സിംഗിന് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. നെഴ്സിംഗിന് ഡൊണേഷനോ സർവ്വീസ് ചാർജോ ഇല്ല.

1. സേലം - ഷൺമുഖാ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
2. ബാംഗ്ലൂർ - (A) BGS ഗ്ലോബൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
   ( 8 സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുള്ള ഒരു സ്ഥാപനം)
   (B ചിന്മയാ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (പെൺകുട്ടികൾക്ക് മാത്രം)
3. കേരളത്തിലെ നെഴ്സിംഗ് കോളേജ്

കൂടാതെ MBBS, BDS, Engineering , Pharm D, BAMS, MBA, MCA തുടങ്ങി വിവിധ കോഴ്സുകൾക്കുള്ള അഡ്മിഷനും ലഭിക്കുന്നു.

ARIGNAR ANNA INSTITUTE OF SCIENCE & TECHNOLOGY
SRIPERUMBUDUR, CHENNAI, Approved by ACTE, Anna University ,AN ISO 9001, Certified Institution

## എഞ്ചിനിയറിംഗ് അഡ്മിഷൻ

ഡൊണേഷനോ , കമ്മിഷനോ , സർവ്വീസ് ചാർജോ ഇല്ല.
8ാം മത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ

Mech ...........Rs. 125000/ yrly Tution fee
ECE, Civil ..Rs. 62500/ yrly Tution fee
CSE ........... Rs. 50000/ yrly Tution fee
IT, EEE....... Rs. 50000/ yrly Tution fee

Hostel fees extra.

Authorised Admission Centre:
തോമസ് ടി. പരുമല (പരുമല സെമിനാരി കൗൺസിൽ മെമ്പർ) ജിൻസി നെഴ്സിംഗ് നെറ്റ്, പരുമലക്കടവ്, മാന്നാർ, Mob : 9447134451

10 Years Service in Educational Consultancy


## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

# സംഘർഷഭരിതമായ അന്തരീക്ഷത്തിനൊടുവിൽ പിറവംപള്ളി കത്തീഡ്രൽ ആയി

## യാക്കോബായ സഭ ഏപ്രിൽ 15നും ഓർത്തഡോക്സ് സഭ മെയ് 12നും കത്തീഡ്രൽ പ്രഖ്യാപനം നടത്തി

### ഏപ്രിൽ 14 : പിറവം വലിയപള്ളിയിൽ കത്തീഡ്രൽ പ്രഖ്യാപനം നടത്താൻ ഇരുവിഭാഗത്തിനും അനുമതി

പിറവം വലിയപള്ളി കത്തീഡ്രലായി ഉയർത്താനുള്ള ചടങ്ങുകൾ നടത്താൻ ഓർത്തഡോക്സ് വിഭാഗത്തിനും യാക്കോബായ വിഭാഗത്തിനും ജില്ലാ കളക്ടർ അനുമതി നൽകി. ഇരുവിഭാഗവുമായി ജില്ലാകളക്ടർ നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം. മറ്റ് ആരാധനാക്രമീകരണങ്ങളിൽ തൽസ്ഥിതി തുടരാനും തീരുമാനമായി.

### ഏപ്രിൽ 15 : ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ഏഴിന്മേൽ കുർബ്ബാനമധ്യേ പിറവം വലിയപള്ളിയെ കത്തീഡ്രൽ ആയി പ്രഖ്യാപിച്ചു

പിറവം വലിയപള്ളി അങ്കണത്തിൽ പാരീഷ് ഹോളിനോട് ചേർന്ന് കെട്ടിയ പ്രത്യേക പന്തലിൽ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും നടന്ന ഏഴിന്മേൽ കുർബ്ബാന മധ്യേ പിറവം വലിയപള്ളിയെ രാജാധിരാജാ കത്തീഡ്രലായി പ്രഖ്യാപിച്ചു.

### ഏപ്രിൽ 20 : ഓർത്തഡോക്സ് സഭയുടെ ചടങ്ങുകൾ അലങ്കോലപ്പെടുത്താൻ യാക്കോബായ സഭ ശ്രമിക്കുന്നതായി ആരോപണം ഉയർന്നു

പിറവം വലിയപള്ളിയെ കത്തീഡ്രലായി പ്രഖ്യാപിക്കുന്നതിന് ഓർത്തഡോക്സ് സഭ ഏപ്രിൽ 21ന് നടത്താനുദ്ദേശിച്ചിരിക്കുന്ന ചടങ്ങുകൾ അലങ്കോലപ്പെടുത്താൻ യാക്കോബായ വിഭാഗം ശ്രമിക്കുന്നതായി കണ്ടനാട് ഭദ്രാസനത്തിന്റെ ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പത്രസമ്മേളനത്തിൽ ആരോപിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ 1934-ലെ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടുന്ന പള്ളിയാണ് പിറവം പള്ളിയെന്നും അദ്ദേഹം പറഞ്ഞു. സമാധാനത്തിന്റെ പാത സ്വീകരിക്കുന്നതുകൊണ്ട് ഓർത്തഡോക്സ് വിഭാഗം ദുർബലരാണെന്ന് ആരും കരുതേണ്ടെന്ന് തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ മിലിത്തിയോസ് പറഞ്ഞു. പിറവം പള്ളി മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അവകാശപ്പെട്ട പള്ളിയാണെന്നും അദ്ദേഹം പറഞ്ഞു.

### ഏപ്രിൽ 21 : ഓർത്തഡോക്സ് സഭയുടെ കത്തീഡ്രൽ പ്രഖ്യാപനം മാറ്റിവെച്ചു

പിറവം സെന്റ് മേരീസ് വലിയപള്ളിയിൽ ഓർത്തഡോക്സ് വിഭാഗം നടത്താൻ നിശ്ചയിച്ചിരുന്ന കത്തീഡ്രൽ പ്രഖ്യാപന ചടങ്ങ് മാറ്റിവെച്ചു. ഹൈക്കോടതി നിർദ്ദേശപ്രകാരം മീഡിയേഷൻ കൗൺസിൽ ഇരുവിഭാഗവുമായി നടത്തിയ ചർച്ചയെതുടർന്നാണ് തീരുമാനം. ഇരുവിഭാഗത്തിന്റെയും വാദമുഖങ്ങൾ പരിഗണിച്ച മീഡിയേഷൻ കമ്മിറ്റി ഏതാനും നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചു. മറുപടി നൽകാൻ ഇരുകൂട്ടരും ഞായറാഴ്ചവരെ സമയം ചോദിച്ചു. അതുവരെ തൽസ്ഥിതി തുടരാനാണ് തീരുമാനം.

### പ്രതിഷേധവുമായി യാക്കോബായ വിഭാഗം ; പിറവത്ത് സംഘർഷം

കളക്ടറുടെ ഉത്തരവിനെതിരെ യാക്കോബായ വിഭാഗം ഹൈക്കോടതിയിൽ ഹർജി നൽകി.

21-ാം തീയതിയിലെ പ്രഖ്യാപനം നടത്താൻ വേണ്ട തയ്യാറെടുപ്പുകൾക്കായി ഓർത്തഡോക്സ് വിഭാഗം പള്ളിപരിസരത്തെത്തി. യാക്കോബായ വിഭാഗം കൂട്ടമണി മുഴക്കി ആളെകൂട്ടി. വിഷയം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കെ ജില്ലാ കളക്ടറുടെ നടപടി നിയമവിരുദ്ധമാണെന്ന് വിശ്വാസസംരക്ഷണ സമിതി പ്രസിഡന്റ് ഏലിയാസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ആരോപിച്ചു.

പള്ളിയുടെ പ്രധാന കവാടത്തിൽ ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ പ്രാർത്ഥനായജ്ഞം ആരംഭിച്ചു. ഓർത്തഡോക്സ് വിഭാഗം പ്രതിഷേധ പ്രകടനം നടത്തി. സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പിറവത്ത് ഒരുദിവസത്തെ ഹർത്താൽ.

### ഏപ്രിൽ 21 : ജഡ്ജി പിന്മാറി

പിറവം സെന്റ് മേരീസ് പരിസരത്ത് മതചടങ്ങുകൾ നടത്താൻ ഓർത്തഡോക്സ് സഭാംഗങ്ങൾക്കു ജില്ലാ കളക്ടർ അനുമതി നൽകിയതു ചോദ്യം ചെയ്യുന്ന ഹർജി പരിഗണിക്കുന്നതിൽനിന്നും ജസ്റ്റിസ് കെ.സുരേന്ദ്രമോഹൻ പിന്മാറി. യാക്കോബായ സഭാവികാരി ഫാ. സൈമൺ ചെല്ലിക്കാട്ടിൽ, ട്രസ്റ്റി മത്തായി തൊമ്മൻ എന്നിവരാണ് ഹർജിക്കാർ. വിവിധ കോടതികളിൽ കേസ് പരിഗണനയിലിരിക്കെ തങ്ങളുടെ വാദം കേൾക്കാതെയും അനുമതി തേടാതെയും കളക്ടർ അനുമതി നൽകിയെന്നാണ് ഹർജിക്കാരുടെ പരാതി. ഏഴിന്മേൽ കുർബ്ബാന നടത്താനും വ്യാഴം മുതൽ ശനിവരെ പള്ളിപരിസരം ഉപയോഗിക്കാനും കളക്ടർ രണ്ട് ഉത്തരവുകൾ പ്രകാരം അനുമതി നൽകിയതാണ് ഹർജിയിൽ ചോദ്യം ചെയ്യുന്നത്.

### ഏപ്രിൽ 21 : പിറവം വലിയപള്ളി : സംഘർഷം തുടരുന്നു

പിറവം പള്ളി കത്തീഡ്രൽ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ തമ്മിൽ ഉടലെടുത്ത സംഘർഷം തുടരുന്നു. യാക്കോബായ സഭ പള്ളി കവാടത്തിലും പരിസരത്തുമായി പ്രാർത്ഥനായജ്ഞം ആരംഭിച്ചതിനു പിന്നാലെ ഓർത്തഡോക്സ് സഭാംഗങ്ങൾ പിറവം കാതോലിക്കേറ്റ് സെന്റർ കേന്ദ്രീകരിച്ച് രാത്രിയിൽ പ്രകടനം നടത്തി. വ്യാഴാഴ്ച വൈകിട്ട് മുതൽ പള്ളിയുടെ പ്രധാന കവാടത്തിൽ ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ പ്രാർത്ഥനായജ്ഞം നടന്നു. യാക്കോബായ സഭയുടെ പത്തോളം മെത്രാപ്പോലീത്തന്മാർ പ്രാർത്ഥനായജ്ഞത്തിന് നേതൃത്വം നൽകാനെത്തി. ഓർത്തഡോക്സ് സഭയുടെ കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കാതോലിക്കേറ്റ് സെന്ററിൽ വൈദികരും വിശ്വാസികലും സംഘടിച്ചു. ഡി.വൈ.എസ്.പി. എൻ.രമേശിന്റെ നേതൃത്വത്തിൽ വൻ സായുധ പോലീസ് സംഘവും ഉന്നത ഉദ്യോഗസ്ഥരും പിറവം പള്ളിയിലും പരിസരത്തുമായി നിലയുറപ്പിച്ചിട്ടുണ്ട്. ഓർത്തഡോക്സ് വിഭാഗത്തിന്റെ കാതോലിക്കേറ്റ് സെന്ററിൽനിന്ന് ആരംഭിച്ച പ്രകടനം കുരിശുപള്ളി ജംഗ്ഷനിൽവെച്ച് പോലീസ് തടഞ്ഞു.

### ഏപ്രിൽ 22 : പിറവം വലിയപള്ളി : സർക്കാർ നിർജ്ജീവമെന്ന് പ.ബാവാ

പിറവം വലിയപള്ളി കത്തീഡ്രൽ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് പിറവത്ത് വിശ്വാസികൾക്ക് നേരിടേണ്ടിവന്ന അപമാനത്തിന്റെ പേരിൽ സംസ്ഥാനതലത്തിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുമെന്നു പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. നിർജ്ജീവമായ സർക്കാരാണ് സംസ്ഥാനം ഭരിക്കുന്നതെന്നതിന് അടിവരയിടുന്നതാണ് പിറവംപള്ളിതർക്കവുമായി ബന്ധപ്പെട്ട് ഓർത്തഡോക്സ് സഭയ്ക്കുണ്ടായ അനുഭവമെന്ന് അദ്ദേഹം പറഞ്ഞു.

### മെയ് 1 : ഓർത്തഡോക്സ് സഭയ്ക്ക് കത്തീഡ്രൽ പ്രഖ്യാപനത്തിന് അനുമതി

പിറവം പള്ളികോമ്പൗണ്ടിന് പുറത്ത് പ്രധാന റോഡിന് മറുവശത്തുള്ള മാർ ഇഗ്നാത്തിയോസ് സണ്ടേസ്ക്കൂൾ ഗ്രൗണ്ടിൽവെച്ച് ഏഴിന്മേൽ കുർബ്ബാന നടത്തി മെയ് 12-ാം തീയതി രാവിലെ 7മണിക്കും ഉച്ചയ്ക്ക് 1മണിക്കും ഇടയിൽ കത്തീഡ്രൽ പ്രഖ്യാപനം നടത്തുവാൻ ഓർത്തഡോക്സ് സഭയ്ക്ക് അനുമതി. 24 മണിക്കൂറിനകം സമ്മേളനസ്ഥലം പൂർവ്വസ്ഥിതിയിലാക്കി ഒഴിഞ്ഞുകൊടുക്കണമെന്നും ധാരണ. ഹൈക്കോടതി നിയമിച്ച മീഡിയേഷൻ കമ്മീഷന്റെ നേതൃത്വത്തിൽ ഇരുവിഭാഗങ്ങളുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലാണ് ധാരണ. പിറവം പള്ളി പൊതുയോഗം കൂടിയാണ് അനുമതി നൽകിയത്.

### പിറവം പള്ളി കത്തീഡ്രൽ പ്രഖ്യാപനം സംബന്ധിച്ച് ഹൈക്കോടതി നിയമിച്ച മീഡിയേഷൻ കമ്മീഷന്റെ സാന്നിധ്യത്തിൽ ഉണ്ടായ പരസ്പര ധാരണ

Settlement Agreement

Pursuant to the mediation talks held from 20/04/2012 to 01/05/2012 at the Govt. Guest House, Ernakulam between the Jacobite and Orthodox factions, in respect of their dispute with regards to St.Mary's Jacobite Syrian Church at Piravom, the Parish assembly of St.Mary's Jacobite Syrian Church Piravom hereby consents to the holding of "Ezhinmel Qurbana" by the Orthodox faction, at the Mor Ignatius Syrian Sunday School ground situated on the eastern side of the St.Mary's jacobite Syrian Church, Piravom between 07.00am. and 01.pm, on 12th May 2012 for which the said ground would be available to Orthodox faction from 3.00 pm on 09/05/2012, and work will start from 5.00 pm on the same day, for preparation and arrangement of the said function. All arrangements made in pursuarance of the above function shall be cleared within 24 hours from 01.00 pm. on 12/05/2012, by the Orthodox faction and they have to vacate the ground in clean condition

The following conditions will be strictly followed, while executing the above agreement.

1. The conduct of the above function will not be treated as a precedent in future.
2. The function shall be held in a peaceful manner without causing any damage to any Property.
3. Orthodox faction shall not cast any aspersions on any of the church dignitaries of Jacobite faction.

No Orthodox faction shall use the church and its precincts of the above function.

Orthodox Faction

1. John Zachariah Managing Commitee Member
2. Kochuparambil Geevarghese Ramban Managing Commitee Member
3. Joy T.T. Diocesan Council member
4. Joy Varghese Parish Member

Jacobite Faction

1. Mathai Thekkumoottil Church Trustee
2. Shaju Elanjimattom - Member, Jacobite Church Managing Committee
3. K.A.John - Legal Cell Convenor, Rajadhiraja St.Mary's Cathedral Piravom
4. Biju Varghese - Secratary Parih Assembly, Rajadhiraja St.Mary's Cathedral Piravom

Dated this the 1st day of May 2012

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ശോശാമ്മ തോമസ് മാവേലിക്കര**

# മൂവാറ്റുപുഴ അരമനപള്ളി പണി നിർത്തിവെയ്ക്കാൻ ഉത്തരവ്; ഓർത്തഡോക്സ് വിശ്വാസികൾ നഗരസഭാ ഓഫീസിനു മുമ്പിൽ ധർണ്ണ നടത്തി

മൂവാറ്റുപുഴ : കണ്ടനാട് ഈസ്റ്റ് ഭദ്രാസന ആസ്ഥാനമായ മൂവാറ്റുപുഴ അരമനയോട് ചേർന്നുള്ള ദേവാലയപുനർനിർമ്മാണം നിർത്തിവെയ്ക്കാൻ മൂവാറ്റുപുഴ നഗരസഭാ അധികാരികൾ ആവശ്യപ്പെട്ടു. ഇതിൽ പ്രതിഷേധിച്ച് ഇടവകാംഗങ്ങൾ വൈദികരുടെ നേതൃത്വത്തിൽ നഗരസഭാ ഓഫീസ് ഉപരോധിച്ചു. ഇടവകാംഗങ്ങൾ ഒപ്പിട്ട നിവേദനം നഗരസഭാ ചെയർമാന് നൽകി.

1990 മുതൽ ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ താമസിച്ചു വരുന്നത് മൂവാറ്റുപുഴ അരമനയിലാണ്. ഇതിനിടയ്ക്ക് പല നിർമ്മാണ പ്രവർത്തനങ്ങളും അവിടെ നടന്നിട്ടുണ്ട്. അന്നൊന്നും ഇല്ലാതിരുന്ന എതിർപ്പും നിയമപ്രശ്നങ്ങളും ഇപ്പോൾ ഉന്നയിക്കുന്നത് പക്ഷപാതപരമാണെന്ന് ഇടവകാംഗങ്ങൾ കുറ്റപ്പെടുത്തുന്നു. നിലവിലുള്ള പള്ളിക്കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ പുതുക്കുപ്പണിയുന്നതിന് നഗരസഭയിൽ അപേക്ഷ നൽകുകയും നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുകയും ചെയ്തിരുന്നു.

അരമന യാക്കോബായ സഭയുടേതാണെന്നും വർഷങ്ങളായി യാക്കോബായ സഭയിൽപ്പെട്ട മെത്രാപ്പോലീത്തന്മാരാണ് അവിടെ താമസിച്ചുകൊണ്ടിരുന്നതെന്നും ഓർത്തഡോക്സ് കക്ഷിയിലേക്ക് കൂറുമാറിയ മെത്രാപ്പോലീത്താ അവിടെനിന്ന് ഇറങ്ങിപ്പോകണമെന്നും അവിടെ അനധികൃത നിർമ്മാണം പാടില്ലെന്നും ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞദിവസം ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ അരമനപടിക്കൽ ഉപരോധവും പ്രാർത്ഥനായജ്ഞവും നടന്നിരുന്നു. അതേ തുടർന്നാണ് നഗരസഭാ അധികൃതർ ഇപ്പോൾ ഇടപെട്ട് നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.




ഓർത്തഡോക്സ് സഭ പിറവംപള്ളി കത്തീഡ്രൽപ്രഖ്യാപനം നടത്തിയ വേളയിൽ പള്ളിയുടെ പ്രധാന കവാടം അടച്ച് യാക്കോബായ സഭ പ. പാത്രിയർക്കീസ് ബാവായുടെയും ശ്രേഷ്ഠബാവായുടെയും പൂർണ്ണകായചിത്രങ്ങളടങ്ങിയ ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നു.

## മലങ്കര അസോസിയേഷനിൽ...... പേജ് 1-ൽനിന്ന്

ങ്ങളിൽ വന്ന പാളിച്ചകളുമായി മുത്തൂറ്റ് ഗ്രൂപ്പിനെ ബന്ധപ്പെടുത്തുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. അസോസിയേഷന്റെ ഭക്ഷണ ക്രമീകരണങ്ങൾക്ക് ചുമതലപ്പെടുത്തിയിരുന്ന വി.കെ.വി. കേറ്ററേഴ്സുമായി ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ല. മുത്തൂറ്റ് ഗ്രൂപ്പിലെ ആരും തന്നെ അവിടുത്തെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ല. ആവശ്യപ്പെട്ടിരുന്നുമില്ല. ഇത് അവരോട് തിരക്കാവുന്നതാണ്. സഭാപ്രവർത്തനത്തെ സാമ്പത്തിക നേട്ടങ്ങൾക്കോ സ്ഥാനമാനങ്ങൾക്കുവേണ്ടിയോ മറ്റ് ആനുകൂല്യങ്ങൾക്കുവേണ്ടിയോ ഒരുകാലത്തും ഞങ്ങൾ ദുരുപയോഗപ്പെടുത്തിയിട്ടില്ല. ഇത് 800 വർഷത്തെ (കോഴഞ്ചേരിയിൽ മാത്രം) പാരമ്പര്യമുള്ള ഞങ്ങളുടെ ഉറച്ച നിലപാടാണ്. ഇത്തരം വാർത്തകൾ മൂലം സഭാംഗങ്ങൾ തെറ്റിദ്ധരിക്കപ്പെടുന്നുവെങ്കിൽ ഞങ്ങൾക്ക് അതിയായ ദുഃഖമുണ്ട്. വസ്തുതാവിരുദ്ധമായ ഇത്തരം പരാമർശങ്ങൾ ഒഴിവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പ്രാർത്ഥനാപൂർവ്വം അപേക്ഷിക്കുന്നു. വോളന്റിയേഴ്സായിട്ട് 75-80 പേർ മാത്രമേ പത്തനംതിട്ടയിൽ എത്തിയിരുന്നുള്ളു. അവർ ഞങ്ങളുടെ ഹോസ്പിറ്റൽ കാന്റീൻ കോൺട്രാക്ടർ നൽകിയ പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും മാത്രമാണ് കഴിച്ചത് എന്ന് ഒന്നുകൂടി വ്യക്തമാക്കുന്നു. അസോസിയേഷന്റെ ഭക്ഷണക്രമീകരണം ഉൾപ്പെടെ ഒരു കാര്യവും എന്നെ ചുമതലപ്പെടുത്തിയിരുന്നില്ല. അതിനെല്ലാം പ്രത്യേക കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. അവർക്കെങ്കിലും യഥാർത്ഥകാര്യങ്ങൾ വ്യക്തമായി അറിയാം എന്നു വിശ്വസിക്കുന്നു.

Since 1971

മാർ തേവോദോസിയോസ് മെമ്മോറിയൽ മെഡിക്കൽ മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ്
ശാസ്താംകോട്ട
Ph.0476 2830258, 2833258, 9447019084
(KNC & INC Approved)

മലങ്കര ഓർത്തഡോക്സ് സഭ കൊല്ലം ഭദ്രാസനത്തിന്റെ ചുമതലയിലുള്ള ശാസ്താംകോട്ട ശുദ്ധജല തടാകത്തിന് സമീപത്തായി സ്ഥിതിചെയ്യുന്ന MTMMM ആശുപത്രിയിലെ (155 Beded) സ്കൂൾ ഓഫ് നഴ്സിംഗിൽ ജനറൽനഴ്സിംഗ് & മിഡ്വൈഫറി കോഴ്സിന്റെ 13-ാ മത് ബാച്ചിലേക്കുള്ള അഡ്മിഷൻ
ജൂൺ 1 മുതൽ ആരംഭിക്കുന്നു.

+2/VHSE സയൻസ് സബ്ജക്ടിന് 40% ത്തിൽ കൂടുതൽ മാർക്കുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

- ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മുൻഗണന
- കാപ്പിറ്റേഷൻ ഫീ ഇല്ല, ഗവ: അംഗീകൃതഫീസ് മാത്രം
- മികച്ച ഹോസ്റ്റൽ സൗകര്യം
- സ്പോക്കൺ ഇംഗ്ലീഷ് IELTS എന്നിവയ്ക്ക് സ്പെഷ്യൽ ക്ലാസ്സ്

# നിയമപരമായി പരാജയപ്പെട്ടവർ തെരുവിൽ കലാപം സൃഷ്ടിക്കുന്നു : ഡോ.തോമസ് മാർ അത്താനാസിയോസ്

മൂവാറ്റുപുഴ : മൂവാറ്റുപുഴ അരമനയുടെയും ദേവാലയത്തിന്റെയും അവകാശം ഉന്നയിച്ച് യാക്കോബായക്കാർ നടത്തുന്ന സമരങ്ങളെ ഭയക്കുന്നില്ലെന്ന് കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ.തോമസ് മാർ അത്താനാസിയോസ് വ്യക്തമാക്കി. നിയമപരമായി പരാജയപ്പെട്ടവരാണ് തെരുവിൽ കലാപം സൃഷ്ടിച്ച് ഓർത്തഡോക്സ് സഭയുടെ സ്വത്ത് കൈക്കലാക്കാൻ ശ്രമിക്കുന്നത്. ഇതിനെ എന്തുവിലകൊടുത്തും എതിർക്കുമെന്ന് മെത്രാപ്പോലീത്താ വ്യക്തമാക്കി. മൂവാറ്റുപുഴ അരമനയിലും ദേവാലയത്തിലും യാക്കോബായ സഭയ്ക്ക് അവകാശമുണ്ടെന്നും അത് നേടിയെടുക്കുന്നതിന് ജനാധിപത്യപരമായ രീതികളുണ്ട്. എന്നാൽ ഇതിൽനിന്നും ഭിന്നമായി കലാപങ്ങൾ ഉണ്ടാക്കിയും രാഷ്ട്രീയക്കാരെയും ഉദ്യോഗസ്ഥരെയും മുൾമുനയിൽ നിർത്തി കാര്യങ്ങൾ സാധിച്ചെടുക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതിനെ എന്തുവിലകൊടുത്തും നേരിടുമെന്ന് മെത്രാപ്പോലീത്താ പറഞ്ഞു.

മൂവാറ്റുപുഴ അരമന സംബന്ധിച്ച് യാക്കോബായ സഭ ഉന്നയിക്കുന്ന അവകാശവാദങ്ങൾ വാസ്തവവിരുദ്ധമാണെന്നും കണ്ടനാട് ഭദ്രാസന കൗൺസിൽ യോഗം വിലയിരുത്തി. കാലപ്പഴക്കംകൊണ്ട് ബലക്ഷയം സംഭവിച്ച സാഹചര്യത്തിലാണ് അവിടെ ദേവാലയത്തിന്റെയും മറ്റും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത്. മൂവാറ്റുപുഴ മുൻസിപ്പാലിറ്റിയിലും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിലും അപേക്ഷ സമർപ്പിച്ച് നിയമപരമായ അനുവാദം കരസ്ഥമാക്കിയിട്ടാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. അത് നിർത്തിവെയ്ക്കുന്നത് നീതിനിഷേധം ആണെന്നും കൗൺസിൽ വിലയിരുത്തി.

## മൂവാറ്റുപുഴ അരമനപടിക്കൽ ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ പ്രാർത്ഥനായജ്ഞം

# മൂവാറ്റുപുഴ അരമനയുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ ചർച്ചയ്ക്ക് തയ്യാറെന്ന് ശ്രേഷ്ഠബാവാ

മൂവാറ്റുപുഴ : മൂവാറ്റുപുഴ അരമനയുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ മാദ്ധ്യസ്ഥ ചർച്ചയ്ക്കും ന്യായമായ വിട്ടുവീഴ്ചകൾക്കും തയ്യാറാണെന്ന് ശ്രേഷ്ഠ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ പറഞ്ഞു. പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ് യാക്കോബായ സഭയുടെ ആഗ്രഹം. എന്നാൽ ഇക്കാര്യത്തിൽ അധികകാലം കാത്തിരിക്കാൻ തയ്യാറല്ലെന്നും അതിവേഗം തീരുമാനം ഉണ്ടായില്ലെങ്കിൽ സഭയുടേതായ മാർഗ്ഗങ്ങളിലൂടെ സ്വന്തം സ്വത്ത് സംരക്ഷിക്കാൻ നടപടി എടുക്കുമെന്നും അദ്ദേഹം പറഞ്ഞു. മൂവാറ്റുപുഴ അരമനയും അതിനോടു ചേർന്നുള്ള സെന്റ് തോമസ് കത്തീഡ്രൽ ദേവാലയവും വിട്ടുകിട്ടണമെന്നും അനധികൃത നിർമ്മാണം നിർത്തിവെയ്ക്കണമെന്നും ആവശ്യപ്പെട്ട് മൂവാറ്റുപുഴ അരമനയുടെ മുൻപിൽ നടന്ന പ്രാർത്ഥനായജ്ഞം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

നിഷ്പക്ഷരായ രാഷ്ട്രീയ സാമുദായിക നേതാക്കന്മാരുടെയും സമുദായസ്നേഹികളുടെയും നേതൃത്വത്തിൽ ചർച്ചകളിലൂടെയും ജനഹിത പരിശോധനയിലൂടെയും മൂവാറ്റുപുഴ അരമനയുടെ ഭാഗധേയം തീരുമാനിക്കപ്പെടണം. ഇപ്പോൾ അവിടെ നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ നിർത്തിവെയ്ക്കണം - ശ്രേഷ്ഠ ബാവാ ആവശ്യപ്പെട്ടു. ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനായജ്ഞത്തിൽ യാക്കോബായ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, കുറിയാക്കോസ് മാർ യൗസേബിയോസ്, ഏലിയാസ് മാർ അത്താനാസിയോസ് തുടങ്ങിയവർ സംബന്ധിച്ചു.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ശോശാമ്മ തോമസ് മാവേലിക്കര**

# പെന്തിക്കോസ്തിക്ക് മുമ്പുള്ള ഞായറാഴ്ച

## ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

**മെയ് 20, വേദഭാഗം വി.യോഹന്നാൻ 17;13 –26**

ക്രിസ്തു തന്റെ ശിഷ്യന്മാർക്കുവേണ്ടി നടത്തുന്ന അതിശ്രേഷ്ഠമായ പ്രാർത്ഥന ഇന്നത്തെ വേദഭാഗത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. യേശുവിന്റെ ഈലോക പ്രേഷിത പ്രവർത്തനത്തിന്റെ വിജയകരമായ പൂർത്തീകരണം സംബന്ധിച്ച വ്യക്തമായ ചിത്രവും ഈ ഭാഗത്തിൽ പ്രതിഫലിക്കുന്നുണ്ട്. ശിഷ്യസമൂഹം ദൈവത്തിന്റെ വകയാണ് എന്ന് പ്രബോധിപ്പിക്കുന്നതിലൂടെ സഹജീവികളെ സംബന്ധിച്ച നമ്മുടെ വീക്ഷണം എന്തായിരിക്കണം എന്നതിന്റെ രൂപരേഖയും വെളിപ്പെട്ടുകിട്ടുന്നു.

**പ്രേഷിതദൗത്യത്തിലൂടെ പ്രവർത്തനപന്ഥാവിലേക്ക്**

യേശു അരുളിച്ചെയ്യുന്നുണ്ട് ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. (യോഹ.10:11) സ്വയപരിത്യാഗത്തിലൂടെ ലോകത്തെ രക്ഷിച്ചു എന്ന ദൗത്യമാണ് ക്രിസ്തു നിർവ്വഹിച്ചത്. ക്രിസ്തുവിന്റെ അനുയായികളായ നാം വചനം പരസ്പരം പങ്കുവെയ്ക്കുകയും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയും വേണം. ദൈവസൃഷ്ടിയായ മാനവജാതി ആകമാനം ദൈവമക്കളാണെന്ന ബോധ്യം നമ്മിൽ അന്തർലീനമാകേണ്ടതുണ്ട്. ആദരവും സ്നേഹവും പരിഗണനയും അർഹിക്കുന്നവരാണ് ഏവരും എന്നു കരുതി പരസ്പര വിധേയത്വവും സഹകരണവും നിലനിർത്തുക. ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെ വണ്ണം അവരെ കാത്തുകൊള്ളണം എന്നത്രെ ഞാനപേക്ഷിക്കുന്നത് (യോഹ. 17:15).

തന്നെത്തന്നെ ഹോമിച്ചുകൊണ്ടാണ് ക്രിസ്തു ദുഷ്ടശക്തികളെ തകർത്തത്. തിന്മയുടെ അധീശ ശക്തികളെ പ്രാർത്ഥനയിലൂടെ ചെറുത്തുതോൽപ്പിക്കുന്നതിനേക്കാളുപരി സ്വസഹോദരങ്ങളെ നശിപ്പിക്കുന്ന നശീകരണ പ്രവണത ക്രൈസ്തവവിശ്വാസികളെന്നഭിമാനിക്കുന്നവർ അവലംബമാക്കുന്നു. സൗഹൃദവും സാഹോദര്യവും കരുപ്പിടിപ്പിക്കേണ്ടതിനു പകരം അകൽച്ച വർദ്ധിപ്പിക്കുവാൻ ഉപോൽബലകമാണ് പലരുടേയും പ്രവർത്തികളും പ്രതികരണങ്ങളും. ദുഷിച്ച സംസാരവും ദുർമാതൃകയും അപരരെ ദുർമാർഗ്ഗത്തിൽ തള്ളിയിടുവാൻ പ്രേരകമായി ഭവിക്കുന്നു. ത്യാഗം അനുഷ്ഠിച്ചാണെങ്കിൽപോലും മറ്റുള്ളവരെ സംരക്ഷിക്കുന്ന പ്രേഷിതദൗത്യത്തിന്റെ ഉടമകളാകട്ടെ നാം.

**ഐക്യത്തിന്റെ ബലിവേദിയിലൂടെ അനുരജ്ഞനത്തിലേക്ക്**

പരിശുദ്ധ പിതാവേ അവർ നമ്മേപ്പോലെ ഒന്നാകേണ്ടതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ (യോഹ.17:11). പിതാവും പുത്രനും തമ്മിലുള്ള ഗാഢമായ ബന്ധത്തിന് തുല്യമായ ഒരു ബന്ധത്തിലേക്ക് അവർ കടന്നുവരണമെന്നാഗ്രഹിച്ച് ക്രിസ്തു അതിനായി പ്രാർത്ഥിക്കുന്നു. തന്റെ ക്രൂശുമരണത്തിലൂടെ വിഭാഗീയമായ വേലിക്കെട്ടുകൾ തകർത്ത് അനുരജ്ഞനം സംജാതമാക്കി. പൗലോസ്ശ്ലീഹാ പ്രസ്താവിക്കുന്നു ആകയാൽ നിങ്ങളിനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രെ (എഫേ.2:19)

ഇന്ന് കുടുംബ ആദ്ധ്യാത്മീക പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ക്രിസ്തുവിന്റെ ഐക്യസന്ദേശത്തിന് വിള്ളൽ വീണിരിക്കുന്നു എന്നു മനസ്സിലാക്കാം. സമസ്ത ക്രൈസ്തവ മൂല്യങ്ങളേയും അനാകർഷകമാക്കുന്ന ഒന്നാണ് അനൈക്യം. ഐക്യത്തിനുവേണ്ടി ആത്മത്യാഗം ചെയ്യേണ്ടവർ ഐക്യമില്ലായ്മയിലൂടെ അഹം വളർത്തുന്നു. കുടുംബാംഗങ്ങളേയും സഹ സഹോദരങ്ങളേയും ഒരുമിപ്പിച്ചുകൊണ്ടുപോകുവാൻ എത്രമാത്രം നാം ശ്രമിക്കുന്നു. അതിനുവേണ്ടി എത്രമാത്രം തീഷ്ണതയോടെ പ്രാർത്ഥിക്കുന്നു. ഒരുമയുടെ കർത്തൃഭവനങ്ങൾക്കു പകരം അധികാരത്തിന്റെ സ്വന്തം ഗോപുരങ്ങൾ ചമയ്ക്കുവാനാണ് പലർക്കും താൽപര്യം. അനുരജ്ഞനം പരസ്പര മാത്സര്യത്തിനു വഴിമാറുന്നു. ക്രിസ്തുവാകുന്ന മൂലക്കല്ലിനെ അവഗണിച്ച് വിദ്വേഷത്തിന്റെ വക്താക്കളായി വിരാജിച്ച് ദുഷ്ടന്റെ ആലയങ്ങളായി ദേവാലയങ്ങളെ അധപതിപ്പിക്കുന്നു. മശിഹായുടെ മണവാട്ടിയായ വി.സഭയെ അംഗഹീനയാക്കുന്ന പ്രവണത നമ്മിൽ നിന്നുണ്ടാകാതിരിക്കട്ടെ. കഴിയുമെങ്കിൽ നിങ്ങളിലാവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ (റോമ.12:18). ഈ ഉപദേശമാകണം അനുദിന ജീവിതത്തിൽ മാർഗ്ഗദർശകമാകേണ്ടത്. യേശു നമുക്ക് നൽകുന്ന സന്ദേശവും അതാണ്.

**വിശുദ്ധീകരണത്തിലൂടെ സ്വർഗ്ഗസോപാനത്തിലേക്ക്**

സത്യത്താൽ അവരെ വിശുദ്ധീകരിക്കണമെ. നിന്റെ വചനം സത്യമാകുന്നു (യോഹ.17:17). തന്റെ ശിഷ്യരെ വചനത്താൽ വിശുദ്ധീകരിക്കണമെന്നു ക്രിസ്തു പ്രാർത്ഥിക്കുന്നു. സഭയുടെ വിശുദ്ധീകരണത്തിനുവേണ്ടി എപ്രകാരം സ്വയം സമർപ്പിക്കണമെന്ന് തന്റെ ജീവിതമാതൃകയിലൂടെ കാട്ടിയതുകൊണ്ടാണ് വചനത്താൽ തന്റെ അനുയായികളെ ശുദ്ധീകരിക്കണമെന്നു ക്രിസ്തു പ്രാർത്ഥിക്കുന്നത്. ഭാര്യഭർത്താക്കന്മാർക്കായുള്ള ഉത്ബോധനത്തിൽ പൗലോസ് ശ്ലീഹാ പറയുന്നുണ്ട് അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായവ ഒന്നുമില്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി തനിക്കുതന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിന് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപിച്ചുകൊടുത്തു (എഫേ.5:26,27) മറ്റുള്ളവരെ ശുദ്ധീകരിക്കുന്ന ദൗത്യത്തിൽ നാം സ്വയം ശുദ്ധീകരിക്കപ്പെടണം. കൂടാതെ സ്നേഹം പരസ്പരം പകർന്നു നൽകുകയും വേണം.

**തപശ്ചര്യയിലൂടെ ദൈവസാക്ഷാത്ക്കാരത്തിലേക്ക്**

ഞാൻ ലൗകീകനല്ലാത്തതുപോലെ അവരും ലൗകീകന്മാരല്ല (യോഹ.17:17) സന്യാസിശ്രേഷ്ഠന്മാരെ അനുസ്മരിക്കുന്ന ഞായറാഴ്ചകൂടിയാണിന്ന്. ഋഷി എന്ന ഭാരതീയ വാക്കിന്റെ അർത്ഥം സന്തോഷിക്കുന്നവൻ എന്നും യോഗി എന്ന വാക്കിന് ഐക്യം പാലിക്കുന്നവൻ എന്നുമാണർത്ഥം. ശാരീരികവും മാനസികവും ആന്തരീകവുമായ സിദ്ധികളെ ദൈവേഷ്ടത്തിന് വിധേയമാക്കി ദൈവത്തിൽ സന്തോഷം കണ്ടെത്തുന്നവൻ. അതേപോലെ ദൈവം സ്നേഹവാനാണ് സ്നേഹത്തിലൂടെ ചരിക്കുന്ന ബ്രഹ്മചര്യം സന്യാസത്തിന്റെ പ്രധാന പടിയുമാണ്. സൗഹൃദവും സമർപ്പിത സ്നേഹവുമാണ് യഥാർത്ഥ സന്യാസിയുടെ മുഖമുദ്ര. ലൗകീകസുഖത്തേക്കാളുപരി അപരന്റെ ക്ഷേമത്തിന് പ്രാധാന്യം നൽകുന്നവനാണ് ക്രിസ്തുവിന്റെ ഉത്തമ പ്രതിനിധി. ക്രിസ്തു അളവില്ലാതെ തന്റെ സ്നേഹം ദൈവത്തിനും മനുഷ്യർക്കും നൽകി. അലൗകീകനായ ഒരു സന്യാസിവര്യന് സമൂഹത്തിന്റെ ഏതെങ്കിലും ചട്ടക്കൂടുകളിൽ ഒതുക്കിവെയ്ക്കാതെ ഏവരേയും സമഭാവനയോടെ സ്നേഹിക്കുവാൻ കഴിയും.

അനുസരണത്തിലൂടെ ഒരു സന്യാസി ദൈവഹിതത്തിനു വിധേയപ്പെടുന്നു. സ്വയം ശൂന്യവൽക്കരിച്ച് സമൂഹത്തിന് ശുശ്രൂഷ ചെയ്യുന്നു. ബ്രഹ്മചര്യം വഴി ദൈവസ്നേഹത്തിൽ വളരുന്നു. ദൈവത്തേയും ദൈവത്തിനുവേണ്ടി എല്ലാവരേയും സ്നേഹിക്കുവാൻ അവർക്കു കഴിയുന്നു. ആ സ്നേഹത്തിനു വേണ്ടി ജീവൻ ബലിയർപ്പിക്കുവാൻ വരെ അവർ തയ്യാറാകുന്നു. ദാരിദ്ര്യത്തിലൂടെ ജീവിതത്തെ ദൈവപരിപാലനയ്ക്കായി സമർപ്പിക്കുന്നു. സമൂഹത്തിന്റെ നന്മയ്ക്കും ക്ഷേമത്തിനും സമയവും കഴിവും വിനിയോഗിക്കുന്നു. ഈ അമൂല്യ സുകൃതങ്ങൾ കരഗതമാക്കുവാൻ ഏവർക്കും കഴിയട്ടെ.

**പെന്തിക്കോസ്തി ഞായറാഴ്ച**

**മേയ് 27, വി.യോഹന്നാൻ 15:1–14**

യഹൂദന്മാരുടെ ഒരു പ്രധാന പെരുന്നാളായിരുന്നു പെന്തിക്കോസ്തി. പെന്തിക്കോസ്ത് എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം അമ്പതാമത്തെ എന്നാണ്. ഏഴാമത്തെ ശബ്ബത്തിന്റെ പിറ്റേന്നാൾ വരെ അമ്പതു ദിവസം എണ്ണി യഹോവയ്ക്ക് പുതിയ ധാന്യംകൊണ്ട് ഒരു ഭോജനയാഗം അർപ്പിക്കണം (ലേവ്യ 23:16). സീനായ് മലയിൽവെച്ച് മോശമുഖാന്തിരം തങ്ങൾക്ക് കല്പനകൾ ലഭ്യമായതിനെ സംബന്ധിച്ചും അന്നേദിവസം യഹൂദർ അനുസ്മരിച്ചിരുന്നു. പുതിയ നിയമത്തിൽ ഉയരത്തിൽനിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ (ലൂക്കോ 24:49) എന്ന കർത്തൃവചനാനുസരണം ശിഷ്യന്മാർ ഒരുമിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെമേൽ അഗ്നിനാവിന്റെ സദൃശ്യത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ചു. രക്ഷയുടെ പുതുയുഗത്തിന് നാന്ദി കുറിക്കപ്പെട്ട ആദ്യത്തെ പന്തിക്കോസ്തി ആത്മീയ ചൈതന്യത്തിന്റെ അനുഭവപ്പെരുന്നാളായിരുന്നു. സഭയുടെ ഉദ്ഘാടന സുദിനമെന്നു വിശേഷിപ്പിക്കാവുന്ന ആ ദിവസം ദൈവാത്മാവിന്റെ ആവാസത്താൽ കാറ്റിന്റെ കരുത്തും, അഗ്നിയുടെ തീവ്രതയും ശ്ലീഹന്മാർ അനുഭവവേദ്യമാക്കി.

**മാനവ വിമോചനം വിളംബരം ചെയ്യുന്ന പ്രാപഞ്ചിക ചാലകങ്ങൾ**

അഗ്നിയും കാറ്റും ദൈവസാന്നിധ്യത്തിന്റെ ഉപാധികളായി പഴയനിയമത്തിൽ രേഖപ്പെടുത്തുന്നു. ഇസ്രായേൽ ജനതയുടെ വിമോചനവുമായി ബന്ധപ്പെട്ട് മുൾപ്പടർപ്പിൽ കത്തിജ്വലിച്ചുകൊണ്ടിരുന്ന അഗ്നിയിൽ ദൈവം പ്രത്യക്ഷപ്പെട്ട് ദൈവജനത്തെ അടിമത്വത്തിൽനിന്നും വിമോചിപ്പിക്കുക എന്ന ദൗത്യം മോശക്കു കൽപിച്ചു നൽകുന്നുണ്ട്. വാഗ്ദത്തനാട്ടിലേക്കുള്ള അവരുടെ പ്രയാണമദ്ധ്യേ പാത സുഗമമാക്കുവാൻ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും ദൈവം അവർക്കു മുമ്പെ സഞ്ചരിക്കുന്നു. മുമ്പോട്ട് പോകാനാകാതെ ചെങ്കടലിനു സമീപം പകച്ചുനിന്നപ്പോൾ കാറ്റിനെ അയച്ചു വെള്ളത്തെ രണ്ടായി ഭാഗിക്കുന്ന ദൈവം പുതിയ നിയമത്തിൽ പാപവിമോചകഹേതുവും വിശുദ്ധീകരണ ശക്തിയുമായി പരിശുദ്ധാത്മാവ് വർത്തിക്കുന്നു.

ദൈവസാമീപ്യം പ്രതിബിംബിക്കുന്ന പ്രകൃതിയുടെ ഈ ഘടകങ്ങൾ തിന്മയ്ക്കെതിരെ പ്രയോഗിക്കപ്പെടുന്ന സർവ്വായുധവർഗമായി വിവക്ഷിക്കാം. ശുദ്ധീകരിക്കയും ചൂടുപിടിപ്പിക്കയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന ധർമ്മമാണ് അഗ്നിക്കുള്ളത്. കറകൾ വെടിപ്പാക്കുകയും മരവിച്ച മനസ്സുകളെ സജീവമാക്കുകയും ഇരുളിനെ പ്രകാശമാനമാക്കുകയും ചെയ്യുന്നത് പരിശുദ്ധാത്മാവാണ്. അഗ്നിയിൽ ഇരുമ്പ് ശുദ്ധമാകുന്നതുപോലെ നമ്മുടെ സ്വഭാവ വൈകല്യങ്ങളും സ്വാർത്ഥതയും തീയുടെ കത്തിക്കാളലിൽ കത്തിയെരിയപ്പെടണം.

പതിരുകൾ നീക്കം ചെയ്യുന്ന ഒരു ധർമ്മമാണ് കാറ്റിനുള്ളത്. ജീവിതത്തിലെ നന്മയും തിന്മയും ശരിയും തെറ്റും വേർതിരിച്ച് ദുഷ്പ്രവണതകൾ ദൂരീകരിച്ച് ഉണർവ്വ് നൽകുന്ന ശക്തിയാണ് പരിശുദ്ധാത്മാവ്. അസമത്വത്തിന്റെ ആത്മാവും മിഥ്യാധാരണകളും ഈ കാറ്റിൽ പറന്നുപോകേണ്ടിയിരിക്കുന്നു. ഹൃദയത്തിന്റെ ഇരുണ്ട അറകളെ പരിശുദ്ധാത്മാവിന്റെ കാറ്റിനും വെളിച്ചത്തിനുമായി തുറന്നിടേണ്ടതുണ്ട്. വരാൻപോകുന്ന ആശിഷമാരിയുടെ സൂചനയാണ് ഇടിമുഴക്കം. അങ്ങനെ പൂർണ്ണമായുള്ള നവീന പ്രക്രിയയുടെ ആത്മാവിനെ സ്വീകരിച്ച് ഒരു പുതുവ്യക്തിയായി രൂപാന്തരപ്പെടണമെന്ന് പെന്തിക്കോസ്തി പെരുന്നാൾ ആഹ്വാനം ചെയ്യുന്നു.

എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു (2കൊരി.3:18). അപ്രകാരം നവീകരിക്കപ്പെട്ട ഒരു സമൂഹമാണ് അന്ന് സ്നാനമേറ്റ് സഭയോട് ചേർന്ന മൂവായിരത്തോളമാളുകൾ.

**ഉദാത്തമായ ക്രൈസ്തവ സാക്ഷ്യം**

ക്രിസ്തുവിന്റെ സഭയെ ഒരു സ്നേഹകൂട്ടായ്മയായി പരിവർത്തനം ചെയ്തത് ദൈവാത്മാവാണ്. അവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. (അപ്പ.പ്രവ.2:42). ആദിയിൽ ബാബേൽ ഗോപുരം നിർമ്മിച്ച് ദൈവത്തെ കീഴടക്കാം. അങ്ങനെ പ്രശസ്തിയും പ്രതാപവും സ്വായത്തമാക്കാം എന്ന മിഥ്യാധാരണ പുലർത്തിയിരുന്നവർ ഭിന്നിപ്പിന്റെ ഭാഷ സംസാരിച്ച് ലോകമെമ്പാടും ചിതറിപ്പോകുന്നു (ഉല്പ.11:9). എന്നാലിവിടെ സ്നേഹത്തിന്റെ ഏകഭാഷ മനസ്സിലാക്കുന്നവരും പരസ്പരം പങ്കുവെയ്ക്കുന്നരും പ്രബോധനങ്ങൾ ശ്രവിക്കുവാൻ ഉൽസുകരും ആരാധകരമാക്കി ഒരു ജനതതിയെ വാർത്തെടുക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്.

ദൈവാത്മാവ് നടത്തുന്നവരെല്ലാം ദൈവത്തിന്റെ മക്കളാകുന്നു (റോമർ 8:14) ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ദൈവമക്കളാകുവാൻ സംഗതിയാകട്ടെ. വ്യക്തിബന്ധങ്ങളുടെ ഉറപ്പുള്ള ചിത്രമാണ് ആദ്യപെന്തിക്കോസ്തി അനുഭവം പകർന്നു നൽകുന്നത്. അതുകൊണ്ടാണ് വ്യത്യസ്ത ദേശക്കാരെ ഈ കൂട്ടായ്മയുടെ കണ്ണിയിൽ കോർത്തിണക്കുവാൻ ശിഷ്യന്മാർക്കായത്. ആധുനിക സമൂഹത്തിൽ പരസ്പര ഒരുമ അവതാളത്തിലാകുന്നത് അപരന്റെ താൽപര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും പരിഗണിക്കാതെ നമ്മുടെ താൽപര്യങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുമ്പോഴാണ്. മനുഷ്യർ തമ്മിലുള്ള ബന്ധത്തിനും സ്നേഹത്തിനും പാളിച്ചകളുണ്ടെങ്കിൽ ദൈവമനുഷ്യബന്ധത്തിലും അതിന്റെ പ്രതിഫലനമുണ്ടാകും. നല്ല മനോഭാവവും സുദൃഢമായ ബന്ധങ്ങളും പരിശീലിക്കുക. അങ്ങനെ ആയിത്തീരാൻ ആഗ്രഹിക്കുന്നവരുടെ മദ്ധ്യേ ദൈവം തന്റെ ആത്മാവിനെ വർഷിപ്പിച്ച് അവരുടെ പ്രയത്നഫലത്തെ ഫലസമൃദ്ധമാക്കും.

**വികലമാക്കപ്പെടുന്ന ദർശന സങ്കൽപം**

ആധൂനിക ആദ്ധ്യാത്മീക മേഖലയിൽ പരിശുദ്ധാത്മ ആവാസം ലഭ്യമായി ദർശനമുണ്ടായി എന്നൊക്കെ അവകാശവാദമുന്നയിക്കുന്നവരുണ്ട്. പലപ്പോഴും പൊള്ളയായ ഇത്തരം പ്രസ്താവനകളിൽ മറ്റുള്ളവരും ആകൃഷ്ടരാകുന്നു. വ്യക്തിഗത ദർശനങ്ങളും അവ പകർത്തിയ പുസ്തകങ്ങളും വേദപുസ്തകത്തേക്കാൾ ആധികാരികതയും അപ്രമാദിത്വവുമുള്ളതായി കൊട്ടിഘോഷിക്കപ്പെടുന്നു. തങ്ങളുടെ ഭാവനയിൽ അങ്കുരിക്കുന്നതും മാനസിക വിഭ്രാന്തിയിൽ അനുഭവപ്പെടുന്നതുമായ കാര്യങ്ങൾ ദൈവദർശനങ്ങളായി വ്യാഖ്യാനിക്കുന്നു. ആത്മാവെന്നോ ആത്മീയമെന്നോ പറയുന്നതെല്ലാം പരിശുദ്ധാത്മപ്രേരിതമായിരിക്കണമെന്നില്ല എന്നതാണ് നാം മനസ്സിലാക്കേണ്ട വസ്തുത.

പെന്തിക്കോസ്തി ദിവസം സമാരംഭിച്ച് ഇന്നം അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്ന സഭയെ അഭംഗുരം പരിരക്ഷിക്കേണ്ട ഉത്തരവാദിത്വം ഓരോ ക്രൈസ്തവനിലും നിക്ഷിപ്തമാണ്. ക്രിസ്തുവിന്റെ സാന്നിധ്യം സഭയെ പരിശുദ്ധമാക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുന്ന പ്രവണതകൾ സഭകളിൽ ഉണ്ടാകാതിരിക്കട്ടെ. പരിശുദ്ധന്മാരുടെ ഭവനംകൂടിയായ പള്ളികളിലും, അവയിലേക്ക് കടന്നുവരുന്ന വിശ്വാസവൃന്ദങ്ങളിലും പ്രാർത്ഥനയാകുന്ന മഹത്വത്തിന്റെയും രക്ഷയുടേയും ശബ്ദം പരിശുദ്ധാത്മാവ് മുഖാന്തിരം കേൾക്കുവാൻ ഏവർക്കും സംഗതിയാകട്ടെ.

# മലങ്കര ഓർത്തഡോക്സ് സഭയുടെ പത്തനംതിട്ട അസോസിയേഷനിൽ നടന്നതെന്ത്?..പേജ് 1-ൽനിന്ന്

എ. എത്ര ആളുകൾ അസോസിയേഷനിൽ സംബന്ധിക്കുമെന്ന് വളരെ നേരത്തെ അറിയാമായിരുന്നിട്ടും പ്രതിനിധികൾക്ക് മാന്യമായ ഭക്ഷണം കൊടുക്കാത്തത് എന്തുകൊണ്ട്? ഭക്ഷണശാലയിൽ ഭക്ഷണം കിട്ടാത്ത പ്രതിനിധികൾ പ്ലെയ്റ്റുകൾ എറിയത്തക്കവിധം കാര്യങ്ങളെല്ലാം കുളമാക്കിയ ജോർജ്ജ് ജോസഫിന് മാനമുണ്ടെങ്കിൽ പരാജയത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് രാജിവെയ്ക്കാത്തത് എന്തുകൊണ്ട്?

ബി.1. യോഗസ്ഥലത്തേക്കുള്ള ഏക കവാടത്തിൽ ഒരു മത്സരാർത്ഥിയായിരുന്ന കോനാട്ട് അച്ചന്റെ വലിയ വർണ്ണചിത്രം വച്ചിരുന്നത് എന്തിന്?

2. തിരുമേനിമാരുടെ സ്വീകരണത്തിന്റെ പേരിൽ200-ൽപരം ഭക്തന്മാരെ യോഗസ്ഥലമായ പന്തലിൽ പ്രവേശിപ്പിച്ചതെന്തിന്? ഇവരാരും അസോസിയേഷൻ അംഗങ്ങൾ അല്ലായിരുന്നു എന്നോർക്കണം. ഇവർ പന്തലിൽനിന്ന് ഇറങ്ങിപ്പോകണമെന്ന് തിരുമേനിമാർ കല്പിച്ചിട്ട് ആരെങ്കിലും അനുസരിച്ചോ.

3. ബാവാതിരുമേനിവന്ന തുറന്ന ജീപ്പിൽ കോനാട്ട് അച്ചനെയും എഴുന്നള്ളിച്ചത് എന്തിന്. യോഗം നടന്ന പന്തലിന്റെ പ്രവേശനഭാഗത്ത് ജീപ്പ് നിർത്താതെ സ്റ്റേജുവരെ കോനാട്ടച്ചനെയും എഴുന്നള്ളിച്ചതെന്തിന്.

4. യോഗനടത്തിപ്പിന്റെ ഭാഗമെന്ന മറയിൽ ഒരു മത്സരാർത്ഥിയായ കോനാട്ടച്ചനെ സ്റ്റേജിൽ കയറി വിലസുവാൻ അനുവദിച്ചതെന്തിന്.

5. ഒരു തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്തുന്നതെങ്ങനെ എന്ന് ഇക്കാലത്തെ ഒരു സാധാരണ വില്ലേജ് ആഫീസർക്കുപോലുമറിയാം. ഇലക്ഷൻ നടത്തിപ്പിനെപ്പറ്റി യാതൊരു ചുക്കും അറിയാത്ത മഹാനെ റിട്ടേണിംഗ് ഓഫീസറാക്കി വെച്ചത് ക്രിതൃമങ്ങൾ മനപൂർവ്വം നടത്താനായിരുന്നില്ലെ.

6. ബാലറ്റുപേപ്പറിന് ക്രമനമ്പർ ഇടാത്തത് ആരെ രക്ഷിക്കാൻ. എത്ര ബാലറ്റുകൾ തയ്യാറാക്കി. എത്ര ഉപയോഗിച്ചു. ബാക്കി എത്രയെണ്ണം എവിടെ സൂക്ഷിച്ചിരിക്കുന്നു. ആർക്കറിയാം/ യാതൊരു സുതാര്യതയുമില്ലാതെ ഇങ്ങനെ ചെയ്തത് ആരുടെ സുതാര്യതകൊണ്ടാണ്. ആരെ രക്ഷിക്കാൻ. ആരെ തോൽപിക്കുവാൻ.

7. ബാലറ്റുപെട്ടികൾക്ക് ഒന്നിനും പൂട്ടിടാഞ്ഞത് എന്തുകൊണ്ട്. പെട്ടിയുടെ സുരക്ഷിതത്വത്തിന് സീലടിച്ച ഒരു തുണ്ടുകടലാസ് ഒട്ടിച്ചാൽ മതിയെന്ന് തീരുമാനിച്ചത് ആരെ രക്ഷിക്കാൻ.

8. വോട്ടിംഗ് കഴിഞ്ഞ ബാലറ്റുപെട്ടികൾ ഒന്നിച്ചു ശേഖരിച്ച് കൗണ്ടിംഗ് ഹാളിൽ കൊണ്ടുപോകാതെ ഇഷ്ടമുള്ളവർ ഇഷ്ടമുള്ള വഴിയെ ഇഷ്ടമുള്ള സമയത്ത് ഹാളിൽ എത്തിച്ചാൽ മതി എന്നു തീരുമാനിച്ചത് എന്തു ക്രിതൃമം കാട്ടനാണ് എന്ന് ചിന്തിക്കുന്ന ആർക്കും മനസ്സിലാകും.

9. വോട്ടിംഗ് കഴിഞ്ഞ് നൂറുമീറ്റർ മാത്രം അകലെയുള്ള കൗണ്ടിംഗ് ഹാളിൽ എത്തിക്കാൻ അഞ്ചുമിനിട്ട് മുതൽ ഒരുമണിക്കൂർ വരെ സമയമെടുത്തപ്പോൾ പെട്ടികൾ എവിടെയായിരുന്നു. ആ സമയത്ത് നടന്ന തിരിമറി മൂലമല്ലെ കോനാട്ടച്ചൻ ജയിച്ചത്.

10. ഒരു ബൂത്തിലെ പെട്ടി കൗണ്ടിംഗ് ഹാളിൽ കൊണ്ടുവന്ന ആൾ ഹാളിന്റെ പ്രവേശനഭാഗത്തുവെച്ച് മറിഞ്ഞുവീണ് സീൽപേപ്പർ മുറിഞ്ഞ് പെട്ടി തുറന്ന് ബാലറ്റുകൾ ഹാളിൽ ചിതറിവീണു. അതെല്ലാം വാരി പെട്ടിയിലിട്ടശേഷം ആ ഭാഗത്തുനിന്നൊരാൾ പോക്കറ്റിൽനിന്ന് സീലുള്ള തുണ്ടുകടലാസെടുത്ത് ആ പെട്ടിയിൽ ഒട്ടിച്ചതു കണ്ടു. ആ ആളിന്റെ കയ്യിൽ ഈ സീൽപേപ്പർ എങ്ങനെ വന്നു. ആവശ്യംപോലെ സീൽപേപ്പർ ഇനിയും പാന്റിന്റെ പോക്കറ്റിലുണ്ടെന്ന് ആ മനുഷ്യൻ പരസ്യമായി പറഞ്ഞു. ക്രിതൃമം നടന്നു എന്നു പറയുന്നതിനു തെളിവല്ലേ ഇത്.

11. തൃശൂർ ഭദ്രാസനത്തിൽനിന്ന് 3 വോട്ടുകളെ കിട്ടിയുള്ളു എന്ന് പറയുന്നത് മേൽപറഞ്ഞ കാരണങ്ങളാൽ ആരെങ്കിലും വിശ്വസിക്കുമോ.

12. എം.ഒ.ജോണച്ചനെ തോൽപിച്ചാൽ മതിയെന്നായിരുന്നെങ്കിൽ പഴയ സ്ക്രീനിംഗ് കമ്മിറ്റി പൊടിതട്ടിയെടുത്ത് ജോണച്ചനെ അയോഗ്യനായി പ്രഖ്യാപിച്ചാൽ മതിയായിരുന്നില്ലേ. ഇത്രയും വളഞ്ഞ വിശുദ്ധമാർഗ്ഗങ്ങൾ ഒഴിവാക്കാമായിരുന്നില്ലെ? കോനാട്ടച്ചൻ എതിരില്ലാതെ ജയിക്കുകയും ചെയ്യുമായിരുന്നില്ലെ.

13. ലക്ഷങ്ങളും കോടികളും തുലച്ച് നിഷ്പക്ഷമായി തെരഞ്ഞെടുപ്പ് നടത്തി ഏറ്റം ജനായത്തഭരണം നിലനിർത്തി എന്നു വീമ്പടിക്കുന്നത് സാധാരണ സഭാമക്കൾ വിശ്വസിക്കുമെന്ന് ആരെങ്കിലും കരുതുന്നെങ്കിൽ എല്ലാവരെയും ഒരുപോലെ വിഡ്ഢികളാക്കാമെന്ന് കരുതല്ലെ? ഇനി എന്തെല്ലാം നടക്കാനിരിക്കുന്നു? ഇതിന്റെയെല്ലാം പുറകിൽ കളിച്ചത് ബഹുമാന്യനായ സെക്രട്ടറിയാണെന്ന് ജനത്തിനറിയാം. ഇത്രമാത്രം തന്ത്രപരമായി കാര്യങ്ങൾകൊണ്ടെത്തിച്ച സെക്രട്ടറി മോശക്കാരനല്ലല്ലോ. ദൈവഭയമുണ്ടെങ്കിൽ അനുതപിച്ച് രാജിവെച്ച് രക്ഷപെടണം.

പിറവം ഇലക്ഷൻ കഴിഞ്ഞില്ലേ. ഇനി പ്ലെയ്റ്റ് മാറ്റാം. ഓർത്തഡോക്സ് സഭയുടെ പൊന്നോമനപുത്രൻ ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് നിലനിൽക്കേണ്ടത് ആവശ്യമായിരുന്നു. സഭാമക്കൾ അവസരത്തിനൊത്ത് ഉയർന്നു. കോനാട്ടച്ചന്റെ വൈദികട്രസ്റ്റിസ്ഥാനം അതിനു സഹായിച്ചു. അങ്ങനെ നമ്മൾ വിജയിച്ചു ഇങ്ങനെ പറയത്തക്ക തൊലിക്കട്ടി ഇപ്പോഴേ ഉണ്ടല്ലോ?

# മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനു ശരിയായ മാർഗ്ഗരേഖ വേണം

കെ.എം.പീറ്റർ മട്ടയ്ക്കൽ, ബാംഗ്ലൂർ

കഴിഞ്ഞ ഏതാണ്ടു മുപ്പതുവർഷക്കാലങ്ങൾക്കുള്ളിൽ മലങ്കരസഭ ആത്മീയമായും ഭൗതീകവുമായുള്ള തുറകളിൽ സാവധാനമായിട്ടാണെങ്കിലും ക്രമേണ മുന്നേറിക്കൊണ്ടിരിക്കുന്നു. മലങ്കരസഭ ഒരു എപ്പിസ്കോപ്പൽ സഭയാണെങ്കിലും ചിന്താഗതിയിലും പ്രവർത്തനശൈലിയിലും ഡമോക്രാറ്റിക് സിദ്ധാന്തങ്ങൾ വേണ്ടത്ര മുറുകെ പിടിച്ചു മുന്നേറുന്നു എന്നുള്ള യാഥാർത്ഥ്യം സ്വാഗതാർഹം തന്നെ.

ഈയിടെ മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കാനായി നാട്ടിൽ നടത്തിയ തെരഞ്ഞെടുപ്പുകളിൽ പ്രത്യേകിച്ചും, ചില അപാകതകൾ നടന്നു. ഭാവിയിൽ അപ്രകാരം സംഭവിക്കാതിരിക്കാനായി ചിലതിവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. നിസ്സാരങ്ങളായ സംഭവങ്ങൾതന്നെ എങ്കിലും സഭാതലത്തിൽ ഒരു മാർഗ്ഗരേഖ നടപ്പാക്കുന്നുവെങ്കിൽ സഭയുടെ കെട്ടുറപ്പിനുതന്നെ കൂടുതൽ ഉപകാരപ്രദമായിരിക്കും എന്ന ചിന്താഗതിയിൽ താഴെ ചില സംഗതികൾ പ്രസ്താവിച്ചുകൊള്ളുനനു.

1. വൈദികർക്കു മാനേജിംഗ് കമ്മിറ്റിയിൽ മത്സരിക്കാൻ ഒരു പ്രായപരിധി നിശ്ചയിച്ചിരിക്കണം. ഇപ്പോൾ അപ്രകാരമുള്ള ഒരു പരിധിയില്ല. എൺപതുവയസ്സിൽ കൂടിയവരും മത്സരഗോദായിലുണ്ടായിരുന്നു. വൈദികർ സാധാരണ 65നു റിട്ടയർ ചെയ്യണം. ബിഷപ്പിനു പ്രായപരിധി നീട്ടി കൊടുക്കണമെന്നു തോന്നുന്നു എങ്കിൽ 70 വരെ നീട്ടിക്കൊണ്ടിരിക്കാം. കൂടുതൽ പ്രായമുള്ളവർ മത്സരിക്കാൻ പേരു രജിസ്റ്റർ ചെയ്തതിനെ ആധാരമാക്കി ചില സംസാരങ്ങളും അഭിപ്രായപ്രകടനങ്ങലും നടക്കാനിടയായി. ഇപ്രകാരമുണ്ടാകാവുന്ന അസ്വാരസ്യങ്ങൾ പ്രായപരിധി മാർഗ്ഗരേഖ മുഖേന നിയന്ത്രിക്കാവുന്നതാണ്. ശ്രേഷ്ഠാചാര്യന്മാരെ തെരഞ്ഞെടുക്കുന്നതിനും പ്രായപരിധിയും മറ്റും നിഷ്കർഷിക്കുന്നുണ്ടല്ലോ.

2. വോട്ടെടുപ്പിൽ പേരു രജിസ്റ്റർ ചെയ്യാൻ അവസാന തീയതി ഉള്ളതുപോലെ പിൻവലിക്കാനും ന്യായമായ ഒരു തീയതി കൊടുത്തിരിക്കണം. പല ഡയോസിസുകളിലും ഇതു കൊടുത്തിട്ടില്ലായിരുന്നു. പിൻവലിക്കാനുള്ള തീയതിക്കകം പേര് പിൻവലിച്ചിട്ടില്ലെങ്കിൽ അപ്രകാരമുള്ള വൈദികരുടെയും അത്മായക്കാരുടെയും പേരുകളെല്ലാം ബാലറ്റുപേപ്പറിൽ കാണിച്ചിരിക്കണം. (അപ്രകാരവും പല ഡയോസിസുകളിലും നടന്നിട്ടില്ല) പല ഭദ്രാസനങ്ങളിലും വൈദിക മാനേജിംഗ് കമ്മിറ്റി അംഗങ്ങളോ വൈദികരുടെ മാത്രമായിട്ടുള്ള മീറ്റിംഗുകളിൽ ഇലക്ഷന്റെ ഏതാണ്ട് ഒരു മണിക്കൂർ മുൻപ് വോട്ടില്ലാതെ നിശ്ചയിച്ചിട്ട് പിന്നീട് ഉടനെതന്നെ തുടർന്ന് വൈദികരും അത്മായക്കാരും ഒന്നിച്ചുള്ള മീറ്റിംഗിൽ വൈദിക തീരുമാനം പ്രഖ്യാപിച്ചു അത്മായക്കാരുടെ അനുമതി വാങ്ങുകയായിരുന്നു. പക്ഷെ പിന്നീട് നടന്ന മീറ്റിംഗിൽ അത്മായക്കാരുടെ പേരുകൾ മാത്രം ബാലറ്റിൽ കാണിച്ചിരിക്കുകയും വൈദികരും അത്മായക്കാരുംകൂടി വോട്ടുനടത്തി അത്മായപ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു. അപ്രകാരം നടന്ന ഇടങ്ങളിൽ അത്മായക്കാരെ തെരഞ്ഞെടുക്കുന്നതിൽ വൈദികരുടെ പങ്ക് വളരെ നിർണ്ണായകമായി മാറി എന്നതും ശ്രദ്ധേയമത്രെ. അതേസമയം വൈദികരെ തെരഞ്ഞെടുക്കുന്നതിൽ അത്മായക്കാർക്ക് വോട്ടുചെയ്തു അവരുടെ തീരുമാനം പ്രകടിപ്പിക്കാൻ അവസരം കൊടുത്തില്ല എന്നതും ശ്രദ്ധേയമത്രെ.

3. ഇലക്ഷൻ സമയത്തോടടുപ്പിച്ച് അരമനയിലും അതിന്റെ പരിസരത്ത് ഇലക്ഷൻ നടത്തുന്നിടത്തും മിനിട്ടുകൾക്ക് മുമ്പ് ചില വൈദികരെ ഗുണോപദേശം നടത്തി ഇലക്ഷനിൽനിന്നും പിൻവാങ്ങാൻ പറയുന്നതും പ്രേരിപ്പിക്കുകയും ചെയ്യുന്നതും നടപടിചട്ടങ്ങൾക്ക് വിപരീതമാണ്. മിക്കവാറും എല്ലാ ഭദ്രാസനങ്ങളിലും ഈ പരിപാടി നടന്നിരിക്കുന്നു. ശ്രേഷ്ഠാചാര്യന്മാരുടെ ഗുണോപദേശം മാനിക്കാതിരുന്നാൽ ഉണ്ടാകാവുന്ന ഭാവി ഭവിഷ്യത്തു ഭയന്ന് സ്ഥാനാർത്ഥിത്വം പിൻവലിച്ച അനവധി വൈദികർ പല ഭദ്രാസനങ്ങളിലുമുണ്ട്. അവർ അപ്രകാരം അവരുടെ സ്ഥാനാർത്ഥിത്വം പിൻവലിച്ചതിൽ അതീവ സന്തുഷ്ടരുമത്രെ.

സ്ഥാനാർത്ഥിത്വം പിൻവലിക്കേണ്ട ദിവസത്തിനു മുൻപേ തിരുമേനിമാർ വൈദികരോട് ഫോണിലെങ്കിലും സംസാരിച്ച് കാര്യങ്ങൾ ഒരു തീരുമാനത്തിലെത്തിച്ചേരുന്നതു വളരെ ഉചിതമായിരിക്കും. ഇപ്രകാരം പല പല അപാകതകളും നടന്നിട്ടുണ്ട്. എല്ലാം നിരത്തിവെയ്ക്കാൻ മടിക്കുന്നു.

മാനേജിംഗ് കമ്മിറ്റിയോടൊരഭ്യർത്ഥന

മുകളിൽ പ്രസ്താവിച്ച അനാരോഗ്യകരമാല പല നടപടികളെയും നിയന്ത്രിക്കത്തക്ക ഒരു മാർഗ്ഗരേഖ ഉണ്ടാക്കിയാൽ മലങ്കരസഭയുടെ ഭാവി വോട്ടിംഗ് സമ്പ്രദായത്തെ കൂടുതൽ ശുദ്ധീകരിക്കാൻ പറ്റും. നാട്ടിലും ബാഹ്യകേരളത്തിലും നടന്ന ചില അപാകതകളെ ഒന്നിച്ചു കോർത്തിണക്കി അവതരിപ്പിച്ചു എന്നുമാത്രം. സഭയും സമൂഹവും നന്നാകണമെങ്കിൽ ആരെങ്കിലും ഒക്കെ മുന്നോട്ട് വരേണ്ടയോ, ചൂണ്ടിക്കാട്ടേണ്ടയോ? അവർ അവസാനം ക്രൂശിക്കപ്പെടുകയും ചെയ്യും. സഭാനന്മ ഒന്നുമാത്രമാണ് ലേഖകന്റെ ലക്ഷ്യം.

മനഃശാസ്ത്ര പംക്തി

# ഏറുന്ന കൗമാര ആത്മഹത്യകൾ

ഫാ.എ.വി.തോമസ് ചകിരിയിൽ പിറവം, ഫോൺ : 0485-2265237, 9447183445

## അച്ഛനമ്മമാരോട് ആറ് കാര്യങ്ങൾ

1. മകനോ മകൾക്കോ പ്രണയമുണ്ടെന്ന് അറിയുമ്പോൾ പൊട്ടിത്തെറിച്ച് വീട്ടിൽ ഭൂകമ്പമുണ്ടാക്കരുത്.

2. കുട്ടിക്ക് കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നോക്കി കാര്യങ്ങൾ പറഞ്ഞ് മനസ്സലാക്കുക. അതിന് ഒരു കൗൺസിലറുടെ സഹായം തേടാം. കുട്ടിക്ക് വളരെ മാനസിക അടുപ്പമുള്ള പക്വമതിയായ ഒരാളുടെ സഹായം തേടാം.

3. ആദ്യമെ തന്നെ കുട്ടിയോട് നോ പറയരുത്. അത് വാശി ജനിപ്പിക്കും. മറിച്ച് കുട്ടിയുടെ മനോഗതി മനസ്സിലാക്കി സാവകാശം സംസാരിക്കുക. കുട്ടിയെ ആലോചിപ്പിക്കുക.

4. പ്രേമമെന്ന പേരിൽ കുട്ടിയെ ഒറ്റപ്പെടുത്തരുത്. ചില വീടുകളിൽ എല്ലാവിധ സംസാരവും നിലച്ച് മരണവീടുപോലെയാകും. ആത്മഹത്യക്ക് ശ്രമിച്ച ഒരു വിദ്യാർത്ഥിനി ഡോക്ടറോടു പറഞ്ഞു എന്റെ പ്രേമബന്ധമറിഞ്ഞതുമുതൽ വീട് ദുഃഖസാന്ദ്രമായി. ആരും ആരോടും ഒന്നും മിണ്ടുന്നില്ല. അതുകൊണ്ടാണ് ഞാൻ ആത്മഹത്യക്ക് ശ്രമിച്ചത്.

5. ചില മാതാപിതാക്കൾ പ്രണയം അറിയുന്നതോടെ കുട്ടികളുടെ എല്ലാ തരത്തിലുള്ള ബന്ധങ്ങൾ വിച്ഛേദിക്കാൻ ശ്രമിക്കും. ദൂരെയുള്ള ബന്ധുവീടുകളിക്ക് മാറ്റുക, എപ്പോഴും കാവലേർപ്പെടുത്തുക..... ഇത് കുട്ടികളുടെ മാനസികനില തകർക്കും.

6. പെട്ടന്ന് അകാരണ ദേഷ്യം, ഉദാസീനത, മുറിയടച്ചിരിക്കുക, ഭക്ഷണത്തിൽ താൽപര്യക്കുറവ്, പ്രിയപ്പെട്ട വസ്തുക്കൾപോലും വേണ്ടാന്ന് വെയ്ക്കുക, തീരെ ഉറങ്ങാതിരിക്കുക.... തുടങ്ങിയവ ആത്മഹത്യചിന്തയുടെ ലക്ഷണങ്ങളാവാം.

## കുട്ടികളോട് അഞ്ച് കാര്യങ്ങൾ

1. കൗമാരത്തിലെ ഒരു സാധാരണ വികാരമാണ് പ്രണയം. പക്ഷെ പങ്കാളിയെ തെരഞ്ഞെടുക്കുവാനുള്ള പക്വത ഈ പ്രായത്തിലായിട്ടില്ലെന്ന് സ്വയം തിരിച്ചറിയുക. വിവാഹം കുട്ടിക്കളിയല്ല. ജീവിതാവസാനം വരെ നീണ്ടുനിൽക്കേണ്ട ബന്ധമാണ്.

2. കാത്തിരിക്കാനുള്ള ക്ഷമയും പക്വതയും വളർത്തുക. സാഹചര്യങ്ങൾ ഭാവിയിൽ അനുകൂലമായി വരും.

3. ഈ പ്രായം നന്നായി പഠിക്കാനും നല്ലൊരു കരിയർ കണ്ടെത്താനുമുള്ള പ്രായമാണ്.

4. ആത്മഹത്യ ചെയ്യാനുള്ള തീരുമാനം ഒരുനിമിഷത്തെ വൈകാരിക തളർച്ചയിൽനിന്നായിരിക്കാം. ആ നിമിഷത്തെ മറികടക്കാനായാൽ ആത്മഹത്യാചിന്തയെ മറികടക്കാം.

5. മറ്റുള്ളവരെ തോൽപിക്കാനാണ് പലരും ആത്മഹത്യയുടെ വഴി തെരഞ്ഞെടുക്കുന്നത്. പക്ഷെ ഇവിടെ ആരും തോൽക്കുന്നില്ലെന്ന് ഓർക്കുക. നഷ്ടവും നഷ്ടപ്പെടലും നിങ്ങൾക്കാണ്. നിങ്ങളുടെ ജീവിതം മാത്രമാണ്. (തുടരും)

**Vol. 18 Issue 14**
**May 16-31**

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/163/2012-2014

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര ———— ജോയി കുളനട




## ശ്രേഷ്ഠ ബാവാ പഴന്തോട്ടം പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു

പുത്തൻകുരിശ് : സഭാതർക്കം നിലനിന്നിരുന്നതും ഓർത്തഡോക്സ് സഭയുടെ കൈവശം ആയിരുന്നതുമായ പഴന്തോട്ടം സെന്റ് മേരീസ് പള്ളിയിൽ 38 വർഷത്തിനുശേഷം ശ്രേഷ്ഠ ബാവാ പ്രവേശിച്ച് ഏപ്രിൽ 29 ഞായറാഴ്ച വി.കുർബ്ബാന അർപ്പിച്ചു. 1974-ൽ മെത്രാപ്പോലീത്താ ആയതിനുശേഷം ശ്രേഷ്ഠ ബാവാ പള്ളിയിൽ പ്രവേശിക്കുവാൻ തുനിഞ്ഞതിനെ തുടർന്ന് പള്ളി സംബന്ധമായ കേസുണ്ടാവുകയും പള്ളി പൂട്ടുകയും ചെയ്തു. അതിനുശേഷം 1977-ൽ പള്ളി തുറന്നെങ്കിലും ഇരുവിഭാഗത്തിലെയും മെത്രാന്മാർക്ക് പള്ളിയിൽ പ്രവേശിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. ഓർത്തഡോക്സ് സഭയുടെ നിയന്ത്രണത്തിൽ ആയിരുന്ന പള്ളി സംബന്ധിച്ച് 1977 മുതൽ നിലനിന്നിരുന്ന കേസിന്റെ അന്തിമ വിധി അടുത്തകാലത്തുണ്ടായി. ഓർത്തഡോക്സ് സഭയ്ക്ക് പള്ളിയുടെ കൈവശാവകാശം നഷ്ടപ്പെടുകയും പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമായ ഹൈക്കോടതി വിധി ഉണ്ടാവുകയും ചെയ്തു. ശ്രേഷ്ഠ ബാവായും യാക്കോബായവിഭാഗവും പള്ളിയിൽ പ്രവേശിച്ചു.

## സുൽത്താൻ ബത്തേരി ഭദ്രാസനം മർത്തമറിയം വാർഷിക ക്യാമ്പ് മാനന്തവാടിയിൽ

മാനന്തവാടി : സുൽത്താൻ ബത്തേരി ഭദ്രാസനത്തിന്റെ മർത്തമറിയം സമാജത്തിന്റെ വാർഷിക സമ്മേളനവും, ത്രിദിന പഠന പഠന ക്യാമ്പും വിവിധ പരിപാടികളോടെ ഏപ്രിൽ 25,26,27 തീയതികളിൽ മാനന്തവാടി ചെറൂർ സെന്റ് മേരീസ് പള്ളിയിൽവെച്ച് ബത്തേരി ഭദ്രാസനാധിപൻ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിച്ചു. മാതാവിന്റെ മാതൃകാപരമായ ജീവിതം ഓരോ സ്ത്രീകളും ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിക്കണമെന്നും അങ്ങനെ സമൂഹത്തിൽ വളർന്നുവരുന്ന തലമുറയെ ആത്മീയനിലവാരത്തിൽ വളർത്തുവാൻ അനുവദിക്കണമെന്നും ഉത്ബോധിപ്പിച്ചു. മാനന്തവാടി ഗ്രൂപ്പ് പ്രസിഡന്റ് ഫാ.എൻ.ഐ.ജോൺ ക്യാമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ.മോൻസി ജേക്കബ്, ഫാ.റോയി എൻ.വൈ, ഫാ.ഷാജി മത്തായി, ഫാ.ജോസഫ് പി.വർഗീസ്, ഫാ.ജോസഫ്, ഫാ.ലിൻസ് ചെറിയാൻ, അമ്മിണി ബേബി എന്നിവർ ആശംസകൾ അർപ്പിച്ചു. ക്ലാസ്സുകൾക്ക് അഖില മലങ്കര മർത്തമറിയം ജനറൽ സെക്രട്ടറി പ്രൊഫ.മേരി മാത്യു, ഫാ. ജോബി വർഗീസ് എന്നിവർ നേതൃത്വം നൽകി. സമാപന സമ്മേളനം സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി പി.കെ.ജയലക്ഷ്മി ഉദ്ഘാടനം ചെയ്തു. അടുക്കളയിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകൾ സ്ത്രീശാക്തീകരണത്തിലൂടെ വലിയ മുന്നേറ്റം നടത്തുവാൻ കഴിയുന്നത് കുടുംബത്തിൽ സമാധാന അന്തരീക്ഷം ഉണ്ടാക്കുവാനും അതോടൊപ്പം സാമ്പത്തികമായി മുന്നേറുവാനും പരസ്പര സഹായത്തിലൂടെ മുന്നേറ്റം നടത്തുവാനും സാധിക്കുന്നു എന്നതും സ്ത്രീകൾ സമൂഹത്തിൽ വളർന്നു എന്നുള്ളതിന്റെ തെളിവാണ്. മലങ്കര ഓർത്തഡോക്സ് സഭ നാടിനായി ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. യോഗത്തിൽ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.മോൻസി ജേക്കബ് സ്വാഗതം പറഞ്ഞു. ഭദ്രാസന സെക്രട്ടറി ഫാ. സഖറിയാ വെളിയത്ത് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.മേരി മാത്യു മുഖ്യസന്ദേശം നൽകി. സമാപന ചടങ്ങിൽ സമാജത്തിൽ 50 വർഷം പ്രവർത്തിച്ചവരെയും 70വയസ്സ് കഴിഞ്ഞവരെയും ആദരിച്ചു. റവ.ജോർജ് മോഡിയിൽ റമ്പാൻ, ഫാ.വർഗീസ് ജോർജ്, ഫാ.കെ.കെ. വർഗീസ്, ഫാ.ഷാജി പോൾ, ഫാ.ബേബി ജോൺ, ഫാ.ജെയ്സൺ, ഫാ.അനീഷ്, ഫാ. കെ.വി.കുര്യാക്കോസ്, ഫാ.ബാബു തോമസ്, മേരി ഏലിയാസ് വട്ടമറ്റത്തിൽ, മോളി അബ്രഹാം, ആലീസ് കുര്യൻ, ഉഷ റോയി, അന്നമ്മ തോമസ് എന്നിവർ നേതൃത്വം നൽകി. 400 സ്ത്രീകൾ ക്യാമ്പിൽ പങ്കെടുത്തു.

## മാമ്മലശ്ശേരി പള്ളിയിൽ ....പേജ് 1-ൽനിന്ന്

ത്തേക്കും ചിതറിയോടി. ചിലർ പള്ളിയകത്തുകയറി വാതിലുകൾ അടച്ചു. തുടർന്ന് നടന്ന ചർച്ചയ്ക്കുശേഷം വൈദികട്രസ്റ്റി പോലീസ് സംരക്ഷണയിൽ അവിടെനിന്ന് പോവുകയും അനുനയചർച്ചയ്ക്കുശേഷം വിശ്വാസികളെ പള്ളിയിൽനിന്ന് പുറത്താക്കി ആർ.ഡി.ഒ. പള്ളി പൂട്ടുകയും ചെയ്തു.

തിങ്കൾ, ചൊവ്വ ദിവസങ്ങളിലായിരുന്നു ഇവിടെ പെരുന്നാൾ ചടങ്ങുകൾ നിശ്ചയിച്ചിരുന്നത്. തിങ്കളാഴ്ച ചടങ്ങുകൾ സമാധാനപരമായി നടന്നു. ഓർത്തഡോക്സ് വിഭാഗം വൈദികട്രസ്റ്റി ഫാ.ജോൺസ് ഏബ്രഹാം പെരുന്നാളിനോടനുബന്ധിച്ച് കുർബ്ബാന അർപ്പിക്കാനെത്തിയാൽ യാക്കോബായ വിഭാഗം തടയുമെന്ന് സൂചന ലഭിച്ചിരുന്നതിനാൽ റൂറൽ എസ്.പി. കെ.പി.ഫിലിപ്പ്, ഡി.വൈ.എസ്.പി. എം.എൻ.രമേശ് എന്നിവരുടെ നേതൃത്വത്തിൽ വൻ പോലീസ് സന്നാഹം പള്ളിപരിസരത്തുണ്ടായിരുന്നു. മൂവാറ്റുപുഴ ആർ.ഡി.ഒ. എസ്.ഷാനവാസും പള്ളിയിലെത്തിയിരുന്നു.

പള്ളിയിലെ പ്രധാന പെരുന്നാളിന് ഫാ.ജോൺസ് ഏബ്രഹാം ഇവിടെ കുർബ്ബാനയർപ്പിക്കാനെത്തുക പതിവാണെന്നും കീഴ്വഴക്കമനുസരിച്ചാണ് പെരുന്നാൾ ചടങ്ങുകൾ ക്രമീകരിച്ചിരുന്നതെന്നും വികാരി ജോൺ ചിറക്കടക്കുന്നേൽ കോർഎപ്പിസ്ക്കോപ്പാ പറഞ്ഞു. എന്നാൽ പള്ളിയിൽ നിലവിലുള്ള രണ്ട് വൈദികർക്കു മാത്രം ആരാധന നടത്താമെന്ന ധാരണ ലംഘിച്ച് ഓർത്തഡോക്സ് വിഭാഗം അഞ്ചിന്മേൽ കുർബ്ബാന നടത്താൻ ശ്രമിച്ചതാണ് കുഴപ്പങ്ങൾക്കു കാരണമായതെന്ന് യാക്കോബായ സഭാ സെക്രട്ടറി തമ്പു ജോർജ് തുകലൻ ആരോപിച്ചു.

## ക്യാൻസർ രോഗികൾക്ക് സഹായഹസ്തവുമായി നന്ദൻകോട് സെന്റ് ഗ്രിഗോറിയോസ് പള്ളി

തിരുവനന്തപുരം : പെരുന്നാൾ ആഘോഷം ഉപേക്ഷിച്ചു പാവപ്പെട്ട ക്യാൻസർ രോഗികൾക്കു സഹായഹസ്തം നീട്ടിയ നന്ദൻകോട് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ തീരുമാനത്തിന് ആവേശകരമായ പ്രതികരണം.

അപേക്ഷകർക്കെല്ലാം സഹായം നൽകണമെന്നു പള്ളി അധികൃതർ തീരുമാനിച്ചിരുന്നു. സ്വരൂപിച്ച പണം തികയുമോയെന്ന ആശങ്കതീർത്തത് ഇടവകാംഗങ്ങളും നാട്ടുകാരും.

എല്ലാവരും ഒത്തൊരുമിച്ചപ്പോൾ 85 ക്യാൻസർ രോഗികൾക്കു സഹായം നൽകി. സ്വരൂപിച്ച പണം മിച്ചമുണ്ടെന്നു കണ്ടപ്പോൾ വീട് നഷ്ടപ്പെട്ടയാൾക്ക് വീടു നിർമ്മിക്കാൻ സഹായം നൽകാനും പള്ളി അധികൃതർക്കു കഴിഞ്ഞു. ഗീവർഗീസ് സഹദായുടെ പെരുന്നാളിനോടനുബന്ധിച്ചാണ് സഹായവിതരണം നടത്തിയത്. പെരുന്നാൾ ആഘോഷത്തിനു വേണ്ടിവരുമായിരുന്ന ലക്ഷക്കണക്കിനു രൂപയാണ് പാവപ്പെട്ട രോഗികൾക്കും മറ്റും സഹായം നൽകാനായി വിനിയോഗിച്ചത്.

പെരുന്നാളിനോടനുബന്ധിച്ച് മന്ത്രി അനൂപ് ജേക്കബ്, യു.സി.എം. പ്രസിഡന്റ് ഷെവ. കോശി എം.ജോർജ്, മികച്ച ആയുർവേദ ഡോക്ടർക്കുള്ള അവാർഡ് നേടിയ ഡോ.ജോബ് തോമസ് എന്നിവർക്കു സ്വീകരണം നൽകി. ഫാ.പി.എം.ഈപ്പൻ അദ്ധ്യക്ഷനായിരുന്നു. പള്ളി വികാരി ഫാ.ടി.ജെ.അലക്സാണ്ടർ പ്രസംഗിച്ചു. തുടർന്ന് കുരിശടിവരെ റാസയും നേർച്ചവിളമ്പും നടത്തി.

## സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജിന് എ ഗ്രേഡ് അംഗീകാരം ലഭിച്ചു

സുൽത്താൻ ബത്തേരി : സെന്റ് മേരീസ് കോളജിൽ ദേശീയ അക്രിഡിറ്റേഷൻ കൗൺസിലിന്റെ പുനർമൂല്യനിർണ്ണയത്തിൽ ഏറ്റവും മികച്ച കോളജിനുള്ള അംഗീകാരമായ എ ഗ്രേഡ് ലഭിച്ചു. മാർച്ച് മാസത്തിൽ നാക് വിദഗ്ദ്ധ സമിതി നടത്തിയ പരിശോധനയുടെയും വിലയിരുത്തലിന്റെയും റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് കോളജിന് ഈ ഉന്നത പദവി ലഭിച്ചത്. 2006-ൽ നാക് നടത്തിയ മൂല്യനിർണ്ണയത്തിൽ കോളജിന് ബി.പ്ലസ് ഗ്രേഡ് ലഭിച്ചിരുന്നു. വയനാട്ടിൽ ഇതാദ്യമായാണ് ഒരു കോളജിന് നാക് എ ഗ്രേഡ് ലഭിക്കുന്നത്.

## ഒ.വി.ബി.എസ്.

കാര്യമ്പാടി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഏപ്രിൽ 15 മുതൽ 22 വരെ ഒ.വി.ബി.എസ്. നടത്തി. വികാരി ഫാ.മോൻസി ജേക്കബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം ബത്തേരി ഭദ്രാസന സണ്ടേസ്ക്കൂൾ സെക്രട്ടറി എ. ജെ.മത്തായി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ വി.കെ.ഷാജി, സുമേഷ്, സ്മിത, അന്നമ്മ, ലിൻഷി, മിഥുൻ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ 94 കുട്ടികൾ സംബന്ധിച്ചു.

## സംസ്ഥാന അവാർഡ് നേടി

കാതോലിക്കേറ്റ് ആന്റ് എം.ഡി. സ്ക്കൂൾ കോർപറേറ്റ് മാനേജുമെന്റിലെ തിരുവല്ലാ എം.ജി.എം. ഹയർ സെക്കണ്ടറി സ്ക്കൂളിലെ ഹെഡ്മാസ്റ്റർ ജോർജ് വർഗീസിന് മികച്ച അദ്ധ്യാപകനുള്ള 2010-11ലെ സംസ്ഥാന അവാർഡ് ലഭിച്ചു. ഇദ്ദേഹത്തിന് ആചാര്യ അവാർഡും ലഭിച്ചിട്ടുണ്ട്. പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗവും മലങ്കര അസോസിയേഷൻ പ്രതിനിധിയുമാണ്.

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**